136/2013
30-01-2013

## ഇടയലേഖനം-123

# ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

തന്റെ നാൽപത്തിനാലാം വയസ്സിൽ മരണം കാത്തുകിടക്കുകയായിരുന്ന വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെ ചുറ്റും അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഒരുമിച്ചുകൂടി. തങ്ങളുടെ വന്ദ്യപിതാവിന്റെ മരണത്തിന് സാക്ഷ്യം വഹിക്കാൻ അവർ കാത്തുനിന്നു. അവരോട് ആ മഹാവിശുദ്ധൻ ഇങ്ങനെ പറഞ്ഞു, "നമുക്ക് വീണ്ടും ആരംഭിക്കാം. കാരണം നാമിതുവരെയും അല്പം മാത്രമേ ചെയ്തിട്ടുള്ളൂ." ജീവിതത്തെ വീണ്ടും വീണ്ടും ക്രിസ്തുവിൽ പുതുക്കിപ്പണിയണമെന്ന് അദ്ദേഹം അപ്പോൾ അവരെ ഓർമ്മപ്പെടുത്തി. ഇന്നു നാം ആരംഭിക്കുന്ന വലിയ നോമ്പുകാലത്ത്സഭ നമ്മെ ഓർമ്മിപ്പിക്കുന്നതും ഇതുതന്നെയാണ്: നമുക്ക് എല്ലാം ക്രിസ്തുവിൽ വീണ്ടും നവീകരിക്കാം.

വിശ്വാസവർഷം ആചരിക്കുകയാണ് സഭമുഴുവനും. വിശ്വാസവർഷാചരണത്തെ ഈ നോമ്പുകാലം എങ്ങനെയെല്ലാം ശക്തിപ്പെടുത്തണം എന്ന് നാം ധ്യാനപൂർവ്വം ചിന്തിക്കണം. വിശ്വാസജീവിതമെന്നാൽ ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും നിർവ്വഹിക്കുന്നതുമാത്രമാണ് എന്ന ധാരണ നമ്മുടെയിടയിൽ ശക്തമാണ്. ഞായറാഴ്ച്ച കുർബ്ബാന, കുടുംബപ്രാർത്ഥന, വാർഷിക





ധ്യാനം, ഇടക്കിടെയുള്ള കുമ്പസാരം, നോമ്പാചരണം തുടങ്ങിയവ നിർവ്വഹിച്ചാൽമാത്രം നമ്മളെല്ലാം നല്ല ക്രൈസ്തവരായിത്തീരും എന്ന് നാം ധരിച്ചുപോരുന്നു. അതുപോലെ ക്രിസ്തുവിനെ അധരംകൊണ്ട് ഏറ്റുപറഞ്ഞാൽ എല്ലാമായി എന്ന വിചാരവും ചിലരെ ഭരിച്ചേക്കാം. പക്ഷേ അതുപോര എന്നാണ് ദൈവവചനം നമ്മെ പഠിപ്പിക്കുന്നത്.

ഈശോ ദൈവത്തിന്റെ പരിശുദ്ധനാണ് എന്ന വിശ്വാസപ്രഖ്യാപനം രണ്ടു പ്രാവശ്യമാണ് പുതിയ നിയമത്തിൽ നാം കേൾക്കുന്നത്. ഒരു പ്രാവശ്യം ഇത് പറഞ്ഞത് പത്രോസ് ശ്ലീഹയാണ് (യോഹ. 6: 69). മറ്റൊരിക്കൽ ഇത് പറഞ്ഞത് ഒരു പിശാചുബാധിതനാണ് (മർക്കോ. 1: 24). അതുകൊണ്ടാണ് വി. യാക്കോബ് എഴുതിയത്: ദൈവം ഏകനാണെന്ന് നീ വിശ്വസിക്കുന്നു; അത് നല്ലതുതന്നെ. പിശാചുക്കളും അങ്ങനെ വിശ്വസിക്കുന്നു; അവർ ഭയന്നു വിറയ്ക്കുകയും ചെയ്യുന്നു. മൂഢനായ മനുഷ്യാ, പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം ഫലരഹിതമാണെന്ന് നിനക്ക് തെളിയിച്ചുതരേണ്ടതുണ്ടോ? (യാക്കോബ് 2: 19-20).

ഈ ബോധ്യത്തിന്റെ പേരിലാണ് സ്നേഹത്തിൽ പ്രവർത്തനനിരതമാകുന്ന വിശ്വാസത്തെക്കുറിച്ച് സഭ ഈ വിശ്വാസവർഷത്തിൽ കൂടുതൽ ചിന്തിക്കുന്നത്. ഇതിന്റെ ആധാരമാകട്ടെ,വി. പൗലോസിന്റെ വാക്കുകളാണ്: "സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണ് സുപ്രധാനം" (ഗലാ. 5: 6).അതിനാൽ നോമ്പാചരണത്തിലൂടെ എങ്ങനെ വിശ്വാസത്തിന് സ്നേഹത്തിന്റെ ഭാഷ്യം നല്കാം എന്ന് നാം ചിന്തിക്കേണ്ടതുണ്ട്. നോമ്പിലെ ഓരോ അനുഷ്ഠാനവും നമ്മുടെ വിശ്വാസജീവിതത്തിലെ സകല ആചാരങ്ങളും ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹത്തിന്റെ പ്രകാശനങ്ങളായി മാറണം; ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളരാൻ നമ്മെ സഹായിക്കണം. എങ്കിലേ അവ യഥാർത്ഥത്തിൽ വിശ്വാസപ്രേരിതമായ കാര്യങ്ങളാവുകയുള്ളൂ. ഉദാഹരണത്തിന്, നാം വി. കുർബ്ബാനയിൽ സംബന്ധിച്ചു കഴിയുമ്പോൾ ദൈവത്തോടുള്ള നമ്മുടെ സ്നേഹവും മറ്റുള്ളവരോടുള്ള നമ്മുടെ ആഭിമുഖ്യവും വർദ്ധിച്ചിട്ടുണ്ടാകണം. വി. കുർബ്ബാനയെ സംബന്ധിച്ചു

മാത്രമല്ല, എല്ലാ പ്രാർത്ഥനകളെക്കുറിച്ചും ഇത് ശരിയാണ്. ഗദ്സമൻ തോട്ടത്തിലെ ഈശോയുടെ പ്രാർത്ഥന കഴിഞ്ഞപ്പോഴേക്കും ഈശോ പിതാവിന്റെ ഹിതം അതാണെങ്കിൽ കുരിശുമരണത്തിന് താൻ തയ്യാറാണ് എന്ന ഉറപ്പിലേക്ക് വന്നു. പ്രാർത്ഥനക്കുശേഷം ഈശോ ആദ്യം നേരിടുന്നത് തന്നെ ഒറ്റിക്കൊടുക്കാനെത്തുന്ന തന്റെ ശിഷ്യനായ യൂദാസിനെയാണ്. എന്തെന്ത് വിചാരങ്ങളായിരിക്കണം ആ സമയത്ത് ഈശോയുടെ മനസ്സിലേക്ക് വന്നിട്ടുണ്ടാവുക. എങ്കിലും ശാന്തതയോടെയും അലിവോടെയും ഈശോ ഒറ്റുകാരനെ അഭിമുഖീകരിച്ചു (ലൂക്ക 22:48). ഇതുപോലെ നമ്മുടെ പ്രാർത്ഥന യുടെയും മറ്റെല്ലാ ആത്മീയ കൃത്യങ്ങളുടെയും ആഴവും ആത്മാർ ത്ഥതയും പരീക്ഷിക്കുന്ന സംഭവങ്ങൾ ഓരോ ദിവസവും നമ്മെ കാത്തുനില്പുണ്ട്.

നമ്മുടെ നോമ്പാചരണവും ഉപവാസവും തപശ്ചര്യകളുമെല്ലാം വിശ്വാസപ്രേരിതമാകണമെങ്കിൽ അവയെക്കുറിച്ച് ദൈവം പറയുന്ന കാര്യങ്ങൾ നാം ഗൗരവമായി സ്വീകരിക്കണം. ദൈവഹിതം മാനിക്കാത്ത രീതിയിലുള്ള നോമ്പ് ദൈവത്തെ പ്രസാദിപ്പിക്കുകയില്ല. ജോയേൽ പ്രവാചകനിലൂടെ അവിടുന്നു അരുൾചെയ്തു: "നിങ്ങളുടെ വസ്ത്രമല്ല ഹൃദയമാണ് കീറേണ്ടത്; നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്ക് മടങ്ങുവിൻ "(2: 13). നീതി ചെയ്യാത്തവരുടെയും പരസ്നേഹം പ്രകടിപ്പിക്കാത്തവരുടെയും നോമ്പും ഉപവാസവും കർത്താവ് തള്ളിക്കളയും എന്നാണ് ദൈവത്തിന്റെ വെളിപ്പെടു ത്തൽ.' 'നിങ്ങളുടെ ഉത്സവങ്ങളോട് എനിക്ക് വെറുപ്പാണ്, അവജ്ഞയാണ്. നിങ്ങളുടെ മഹാസമ്മേളനങ്ങളിൽ എനിക്കു പ്രസാദമില്ല. നിങ്ങൾ ദഹനബലികളും ധാന്യ ബലികളും അർപ്പിച്ചാലും ഞാൻ സ്വീകരിക്കുകയില്ല. സമാധാനബലിയായി നിങ്ങൾ അർപ്പിക്കുന്ന കൊഴുത്ത മൃഗങ്ങളെ ഞാൻ നോക്കുകയില്ല. ... നീതി ജലംപോലെ ഒഴുകട്ടെ. സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലു പോലെയും" (ആമോസ് 5: 21-24). മിക്കാ പ്രവാചകൻവഴി അവിടുന്ന് അരുൾചെയ്തു:' 'മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്ന് നിനക്ക് കാണിച്ചുതന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക. കരുണകാണിക്കുക. നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽനിന്ന് ആവശ്യപ്പെടുന്നത്?" (മിക്കാ. 6: 8).





സ്വന്തം ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്താൽപോലും സ്നേഹമില്ലെങ്കിൽ നമുക്ക് ഒരു പ്രയോജനവുമില്ല എന്നാണ് വി. പൗലോസ് നമ്മെ പഠിപ്പിക്കുന്നത് (1 കൊറി. 13: 3).ഈ നോമ്പുകാലത്ത് കുരിശിന്റെ വഴി ഉൾപ്പടെയുള്ള ത്യാഗകർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ വി. പൗലോസിന്റെ വാക്കുകൾ ആഴമുള്ള ആത്മശോധനയ്ക്ക് നമ്മെ നിർബന്ധിച്ചുകൊണ്ടിരിക്കണം. ഇക്കാര്യം ഈശോതന്നെ പറഞ്ഞത്. "കർത്താവേ, കർത്താവേ എന്ന് വിളിക്കുന്നവരല്ല, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത്" (മത്താ. 7: 21) എന്നാണ്.

മിശിഹായിൽ പ്രിയപ്പെട്ടവരേ, ഈ വചനങ്ങളുടെ വെളിച്ചത്തിൽ എല്ലാ നീതിലംഘനങ്ങളും നാം ഈ നോമ്പുകാലത്ത് പരിഹരിക്കണം. ഉദാഹരണത്തിന്, ആരുടെയെങ്കിലും പണമോ വസ്തുവകകളോ അന്യായമായ രീതിയിൽ നമ്മുടെ കൈവശമാക്കിയിട്ടുണ്ടെങ്കിൽ നാമത് തിരിച്ചുകൊടുക്കണം. ആരെയെങ്കിലും വാക്കാലോ പ്രവൃത്തിയാലോ ദ്രോഹിച്ചിട്ടുണ്ടെങ്കിൽ അത് പരിഹരിക്കണം. മുറിഞ്ഞുപോയ ബന്ധങ്ങൾ-കുടുംബത്തിനകത്തും പുറത്തുമുള്ളവ- പുന:സ്ഥാപിക്കണം. പിണങ്ങിമാറി വീടുകളിൽനിന്ന് അകന്നു കഴിയുന്നവരെ തിരികെ കൊണ്ടുവരണം. ഇങ്ങനെ എല്ലാതരത്തിലും നീതി സ്ഥാപിക്കുമ്പോൾ ദൈവത്തിന്റെ കൃപ നമ്മിലേക്കും നമ്മുടെ കുടുംബങ്ങളിലേക്കും ഒഴുകിയെത്തും. ഇക്കാര്യങ്ങൾ അവഗണിച്ച് നോമ്പിൽ ചില ത്യാഗങ്ങൾ അനുഷ്ഠിക്കന്നതുകൊണ്ട് മാത്രം ദൈവം നമ്മിൽ സംപ്രീതനാവുകയില്ല.

വിശ്വാസം സ്നേഹത്തിലൂടെ പ്രകാശിതമാകണം എന്ന് നാമെല്ലാം സമ്മതിക്കും. പക്ഷേ പലവിധ ജീവിത വ്യഗ്രതകളിലും പ്രലോഭനങ്ങളിലുംപെട്ട് നാം ഇക്കാര്യംതന്നെ മറന്നുപോകാനിടയുണ്ട്. ദൈവത്തിൽ വിശ്വസിച്ച് ദൈവവചനം ഉള്ളുതുറന്ന് സ്വീകരിച്ചാൽ ഇത് പരിഹരിക്കാൻ നമുക്ക് സാധിക്കും. അതിന് വ്യക്തിപരമായും

കുടുംബത്തിൽ എല്ലാവരുമൊന്നിച്ചും ബൈബിൾ വായിക്കാൻ നാം സമയം കണ്ടെത്തണം.

കുടുംബ പ്രാർത്ഥനക്കുശേഷം ബൈബിൾ വായിക്കാൻ നാം മനസ്സുവെയ്ക്കണം. ദൈവവചനം അടിക്കടി വായിച്ച് നമ്മുടെ ഹൃദയത്തിൽ നിറയ്ക്കുകയാണെങ്കിൽ അത് നമുക്ക് പാപബോധം തരും; പാപത്തെ നേരിടാനുള്ള കരുത്തും തരും. ഉപവാസത്തിലും പ്രാർത്ഥനയിലും കഴിഞ്ഞ ഈശോയാണ് പിശാചിനാൽ പരീക്ഷിക്കപ്പെട്ടത്. സാത്താന്റെ മൂന്ന് പരീക്ഷണങ്ങൾക്കുമെതിരെ ഈശോ മറുപടിയായി പറഞ്ഞത് മൂന്ന് ദൈവവചനങ്ങളായിരുന്നു. മരുഭൂമിയിലെ പരീക്ഷണങ്ങളിലൂടെ കടന്നുപോയ ഇസ്രായേൽ മക്കളോട് മോശ പറഞ്ഞ വാക്കുകളാണ് നിയമാവർത്തന പ്പുസ്തകത്തിൽനിന്ന് ഈശോ ഉദ്ധരിക്കുന്നത്. ''മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നത്" (8: 3); നിന്റെ ദൈവമായ കർത്താവിനെ നീ പരീക്ഷിക്കരുത് (6: 6); നിന്റെ ദൈവമായ കർത്താവിനെ മാത്രമേ ആരാധിക്കാവൂ (6:13). ദൈവവചനംകൊണ്ട് നിറഞ്ഞ വ്യക്തികൾക്ക് ശരിയായ പാപബോധവും പശ്ചാത്താപവും ഉണ്ടാകൂം. നോമ്പ് അനുഷ്ഠിക്കുന്നത് നമ്മുടെയും ലോകം മുഴുവന്റെയും പാപങ്ങൾക്ക് പരിഹാരമായിട്ടാണ്. അങ്ങനെയാണെങ്കിൽ പാപത്തെ നാം നിസ്സാരവിഷയമായി കണക്കാക്കരുത്. പാപത്തെക്കുറിച്ച് നാം എന്തുവിചാരിക്കുന്നു എന്നതല്ല പ്രധാനം. പാപത്തെക്കുറിച്ച് ദൈവം എന്തു പഠിപ്പിക്കുന്നു എന്നതാണ് അതിപ്രധാനം. ഈശോ പാപത്തെ വളരെ ഗൗരവമായിട്ടാണ് കണക്കാക്കുന്നത്. അതുകൊണ്ടാണ് അവിടുന്ന് പറഞ്ഞത്: "നിന്റെ കൈയ്യോ കാലോ നിനക്ക് പാപഹേതുവാകുന്നുവെങ്കിൽ അത് വെട്ടി എറിഞ്ഞുകളയുക" എന്ന് (മത്താ. 18: 8). അതിനാൽ നോമ്പുകാലത്ത് പ്രായശ്ചിത്ത പ്രവൃത്തികൾ ചെയ്താൽ മാത്രം പോര. നാം പാപത്തെ വെറുത്ത് ഉപേക്ഷിക്കുകയും വേണം.

പ്രിയപ്പെട്ടവരേ, വി. ഫ്രാൻസീസ് അസ്സീസി അന്ത്യനിമിഷത്തിൽ പറഞ്ഞതുപോലെ നമ്മുടെ ക്രിസ്തീയജീവിതം കൂടുതൽ ഉത്സാഹത്തോടെ നമുക്ക് വീണ്ടും ആരംഭിക്കാം. അതിന് ദൈവം





തരുന്ന വിലപ്പെട്ട അവസരമായി ഈ വലിയ നോമ്പുകാലത്തെ നമുക്കുകാണാം. 1890-ൽ മരിച്ച വാഴ്ത്തപ്പെട്ട കാർഡിനൽ ന്യൂമാൻ ഇപ്രകാരം എഴുതി, ''നിങ്ങളുടെ ജീവിതം അവസാനത്തിലേക്ക് എത്തിച്ചേരുന്നതിനെക്കുറിച്ച് ഭയപ്പെടരുത്. പിന്നെയോ അതിന് ഒരിക്കലും ഒരു തുടക്കമുണ്ടാകാതിരിക്കുമോ എന്ന് ഭയപ്പെടുവിൻ". ഇപ്പോൾ പോകുന്നതുപോലെയൊന്നും പോര; ജീവിതം ക്രിസ്തുവിൽ ഒന്നുകൂടെ നന്നായി ആരംഭിക്കണം എന്ന തോന്നലുപോലും നമ്മുടെയുള്ളിൽ ഉണ്ടാകുന്നില്ലെങ്കിൽ നാം ഭയപ്പെടണം. അപ്രകാരം സംഭവിക്കുന്നത് നാം പരിശുദ്ധാത്മാവിന്റെ സൽപ്രേരണകളെ തിരസ്ക്കരിക്കുന്നതുകൊണ്ടാണ്; നമ്മുടെ വിശ്വാസം ദുർബ്ബലമായതുകൊണ്ടാണ്. പാപത്തെ വെറുത്തുപേക്ഷിച്ചും പാപങ്ങൾക്ക് പരിഹാരംചെയ്തും പരിശുദ്ധാത്മാവിന്റെ പ്രേരണകൾക്കായി ഹൃദയം തുറന്നും നമുക്ക് ഈ നോമ്പുകാലം ഫലപ്രദമായി ചിലവഴിക്കാം. അതായിരിക്കും ഉയിർപ്പുതിരുനാളിനുള്ള ഏറ്റം അർത്ഥവത്തായ ഒരുക്കം. നമുക്കുവേണ്ടി യാതനകൾ അനുഭവിച്ച് കുരിശുമരണംവരിച്ച ഈശോ ഈ നോമ്പുകാലം അനുഗ്രഹപ്രദമാക്കാൻ നമ്മെ സഹായിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **2013 ഫെബ്രുവരി 10-ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

# തിരുബാലസഖ്യദിനം

(2013 ഫെബ്രുവരി 10 )

**കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, കുഞ്ഞുമക്കളേ,

എല്ലാ വർഷവും ഫെബ്രുവരി രണ്ടാമത്തെ ഞായറാഴ്ചയാണല്ലോ തിരുബാലസഖ്യദിനമായി ആഗോളകത്തോലിക്കാസഭ ആചരിക്കുന്നത്. ബാലനായ ഈശോയുടെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതാദ്ധ്യക്ഷനായിരുന്ന ബിഷപ് ചാൾസ് ഡി ഫോർബിൻ ജാക്സൺ ആണ് തിരുബാലസഖ്യം എന്ന സംഘടന സ്ഥാപിക്കുന്നത്. 1922-ൽ 10-ാം പീയൂസ് മാർപാപ്പാ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 11-ാം പീയൂസ് മാർപാപ്പാ എല്ലാ വർഷവും ഫെബ്രുവരി രണ്ടാം ഞായർ തിരുബാലസഖ്യദിനമായി ആചരിക്കണമെന്ന് നിഷ്കർഷിക്കുകയുമുണ്ടായി. കുഞ്ഞുങ്ങളുടെ ക്രിസ്തീയരൂപീകരണത്തിന് സഹായകമാകത്തക്കവിധം ഈ ദിനം ഉചിതമായി ആചരിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്നു താത്പര്യപ്പെടുന്നു.

നസ്രത്തിലെ തിരുക്കുടുംബത്തിൽ നിറഞ്ഞുനിന്ന ഒരുമയുടെയും സ്നേഹത്തിന്റെയും ദൈവാശ്രയത്വത്തിന്റെയും ചൈതന്യം നമ്മുടെ കുടുംബങ്ങളിലും പുലരട്ടെ. ബാലനായ ഈശോയ്ക്ക് ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവരാൻ അനുയോജ്യമായ പശ്ചാത്തലം നസ്രസ്സിലെ തിരുകുടുംബത്തിലുണ്ടായിരുന്നു. ദൈവഹിതമനുസരിച്ചുകൊണ്ട് ഉത്തമകുടുംബജീവിതം നയിക്കുന്ന മാതാപിതാക്കളുടെ സാക്ഷ്യവും ശിക്ഷണവുമാണ് നമ്മുടെ കുഞ്ഞുങ്ങളെ നല്ലവരായി വളരാൻ സഹായിക്കുന്നത്.

കുടുംബവും ജീവിതസാഹചര്യങ്ങളുമാണ് ജീവിതനിലപാടുകൾ രൂപീകരിക്കുന്നതിൽ കുഞ്ഞുമനസ്സുകളെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ. ആകയാൽ നല്ല കുടുംബങ്ങളുടെ രൂപീകരണത്തിൽ നാം ഏറ്റവും വലിയ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

ദൈവത്തിന്റെ പദ്ധതിയോട് പൂർണമായും സഹകരിച്ച് കുടുംബജീവിതം നയിച്ച ദമ്പതിമാരായിരുന്നു മറിയവും യൗസേപ്പും. സുവിശേഷം തന്നെയായ ഈശോയുടെ സാന്നിദ്ധ്യം നസ്രസ്സിലെ കുടുംബത്തെ സ്വർഗ്ഗീയമാക്കി. ഈശോയാകുന്ന സുവിശേഷത്താൽ നമ്മുടെ കുടുംബങ്ങൾ സ്വർഗ്ഗീയ ചൈതന്യം ഉൾക്കൊള്ളണമെങ്കിൽ അവിടെ ജനിച്ചു വളരുന്ന മക്കൾ കർത്താവിന്റെ സ്വരം തിരിച്ചറിയാനും സുവിശേഷത്തിന് സാക്ഷ്യം വഹിക്കാനും ഇടയാകുണം. അതിന് മുതിർന്നവർ അവർക്ക് മാർഗ്ഗദർശനം നല്കണം.





ഉപഭോക്തൃസംസ്കാരത്തിന്റെ സ്വാധീനങ്ങളും വഴിഭ്രംശം സംഭവിച്ച പ്രത്യയശാസ്ത്രങ്ങളും നമ്മുടെ കുഞ്ഞുങ്ങളെ വഴിപിഴപ്പിക്കുന്നത് വേദനിപ്പിക്കുന്ന കാഴ്ചയാണ്. കുടുംബത്തിന്റെ പവിത്രതയും ഐക്യവും സംരക്ഷിക്കുന്ന ധാർമ്മികാടിത്തറയിലാകണം കുഞ്ഞുങ്ങൾ പരിശീലിപ്പിക്കപ്പെടുന്നത്.

സാധാരണയായി 12 വയസ്സുവരെ പ്രായമുള്ള കുട്ടികളാണ് തിരുബാലസഖ്യത്തിൽ അംഗങ്ങളാകുന്നത്. ഈ സുപ്രധാന കാലഘട്ടത്തിൽ കുഞ്ഞുമനസ്സുകളുടെ ശരിയായ രൂപീകരണത്തിന് വേണ്ടതെല്ലാം നാം കരുതലോടെ ചെയ്യേണ്ടതുണ്ട്. 12-ാം വയസ്സിൽ ബാലനായ ഈശോ ദൈവാലയത്തിൽ വച്ച് തന്റെ ജീവിതദൗത്യത്തെക്കുറിച്ചുള്ള ബോദ്ധ്യം വ്യക്തമാക്കി. ഇളംപ്രായത്തിൽ ജീവിതത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാട് നമ്മുടെ കുഞ്ഞുങ്ങൾക്കു ലഭിക്കാനിടയാകണം. അവർക്ക് ഇടർച്ച നല്കാതിരിക്കാൻ മുതിർന്നവർ, പ്രത്യേകിച്ച് മാതാപിതാക്കന്മാർ ശ്രദ്ധിക്കണം.

നല്ല ബോധ്യങ്ങളിൽ അധിഷ്ഠിതമായ വ്യക്തിത്വരൂപീകരണം കുട്ടികൾക്കു ലഭിച്ചെങ്കിലേ അധാർമ്മികതയുടെയും തിന്മയുടെയും ശക്തികളെ അതിജീവിക്കാൻ അവർക്കു കഴിയൂ. കുടുംബം, ഇടവക, വിദ്യാലയം, സമൂഹം എന്നീ തലങ്ങളിലെ സാദ്ധ്യതകളും സാഹചര്യങ്ങളും ശരിയായി പ്രയോജനപ്പെടുത്തി അവ സഹകരിച്ച് പ്രവർത്തിച്ചെങ്കിലേ ഈ രൂപീകരണം ഫലപ്രദമാവുകയുള്ളൂ. സഭയുടെ മാർഗ്ഗനിർദ്ദേശങ്ങളനു സരിച്ച് ദൈവവിളി തിരിച്ചറിയാനും അതിനോട് ശരിയായി പ്രതികരിക്കാനും ഓരോ വ്യക്തിക്കും സാധിക്കണം.

“കുഞ്ഞുങ്ങൾ എന്റെ അടുത്തുവരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത്” എന്ന ഈശോയുടെ നിർദ്ദേശവും “എന്റെ ഈ എളിയ സഹോദരരിൽ ഒരുവന് നിങ്ങൾ ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തു തന്നത്” എന്ന വെളിപ്പെടുത്തലും നാം ശരിയായി മനസ്സിലാക്കി പ്രവർത്തിക്കണം. ദൈവസമ്മാനമായ കുഞ്ഞുങ്ങൾക്കു ജന്മം നല്കി കുടുംബത്തിലേക്കും ഇടവകയിലേക്കും സമൂഹത്തിലേക്കും അവരെ കൈപിടിച്ചു വളർത്തുമ്പോൾ ദൈവപദ്ധതിയോടാണ് മാതാപിതാക്കന്മാർ സഹകരിക്കുന്നത്. ഈ മേഖലകളി

ലെല്ലാം ദൈവഹിതമനുസരിച്ച് വ്യാപരിക്കാനും ചുമതലകൾ നിറവേറ്റാനും മക്കൾക്കാകണം. എതിർശക്തികളെ ചെറുത്തു തോല്പിക്കാനുള്ള കരുത്തും ദൈവകൃപയും അവർക്കുണ്ടായിരിക്കണം. അത്തരത്തിലുള്ള ശിക്ഷണവും ജീവിതശൈലിയുമാണ് അവർക്ക് ലഭിക്കേണ്ടത്. ചുമതലപ്പെട്ടവർ ഇക്കാര്യം ഗൗരവപൂർവ്വം കണക്കിലെടുക്കണം; മാതാപിതാക്കന്മാർ, അദ്ധ്യാപകർ, ആത്മീയപിതാക്കന്മാർ തുടങ്ങിയവർക്കെല്ലാം "ഈ എളിയവരിൽ ആർക്കെങ്കിലും ഉതപ്പ് നൽകുന്നവൻ കഴുത്തിൽ തിരികല്ല് കെട്ടി ആഴക്കടലിൽ താഴ്ത്തപ്പെടുന്നതാണ് നല്ലതെന്ന" കർത്താവിന്റെ തിരുവചനം ഗൗരവമേറിയ ഒരു മുന്നറിയിപ്പാണ്.

തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കാൻ നമുക്കേവർക്കും കഴിയണം. ഇളംതലമുറയുടെ വ്യക്തിത്വരൂപീകരണം ദൈവവിളി പരിപോഷിപ്പിക്കാൻ ഉതകുന്നതായിരിക്കണം. അതിനായി ചില പ്രായോഗിക നിർദ്ദേശങ്ങൾ സൂചിപ്പിക്കട്ടെ.

**1.** കുടുംബത്തിലെ അന്തരീക്ഷം ശാന്തിയും സമാധാനവും നിറഞ്ഞതായിരിക്കണം. കുട്ടികളുടെ മുന്നിൽ പരസ്പരസ്നേഹത്തിനെതിരായ പ്രവൃത്തികളോ ചർച്ചകളോ പാടില്ല. സ്നേഹത്തിനു നിരക്കാത്ത പദപ്രയോഗങ്ങൾ ഒഴിവാക്കണം. കരുണയോടെ പെരുമാറണം. തിരുസഭയെയും സഭാധികാരികളെയും സന്ന്യസ്തരെയും കുറിച്ച് സ്നേഹത്തോടും ബഹുമാനത്തോടും കൂടെ സംസാരിക്കുക.

**2.** കുട്ടികൾക്ക് ദൈവവചനവും വിശുദ്ധരുടെ ജീവിത കഥകളും ലഭ്യമാക്കുക. കുട്ടികളോടൊപ്പം പ്രാർത്ഥനകളിലും തിരുനാളുകളിലും തിരുപ്പട്ട-സന്ന്യാസവ്രതസ്വീകരണ വേളകളിലും പങ്കെടുക്കുക.

**3.** ഇടവകാടിസ്ഥാനത്തിലും ഫൊറോനാ, രൂപതാടിസ്ഥാനത്തിലും കുട്ടികൾക്ക് ആത്മീയ ഉണർവുണ്ടാക്കുന്ന റാലികൾ, മത്സരങ്ങൾ, സെമിനാറുകൾ, ധ്യാനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

**4.** സിസ്റ്റേഴ്സിനെ തിരുബാലസഖ്യ ആനിമേറ്റേഴ്സായി നിയമിക്കുകയും ആഴ്ചയിലൊരിക്കൽ ഈ ആനിമേറ്ററുടെ നേതൃത്വത്തിൽ സമ്മേളനവും പ്രാർത്ഥനയും സംഘടിപ്പിക്കുകയും വേണം. അവർ കുട്ടികളുമായി സ്നേഹപൂർവ്വം ഇടപെട്ട് ദൈവവിളിയെ പരിപോഷിപ്പിക്കുന്ന ചിന്തയും മനോഭാവവും വളർത്തണം.

**5.** വിശ്വാസവിരുദ്ധ സ്വാധീനത്തിൽ കുട്ടികൾ ഉൾപ്പെടാതിരിക്കാൻ ജാഗ്രത പുലർത്തണം. പാഠ്യവിഷയങ്ങൾക്കുമപ്പുറം കുട്ടികളുടെ ആദ്ധ്യാത്മിക വളർച്ചയെ മുന്നിൽ കണ്ട് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ ആകർഷകമായി നല്കണം.





**6.** ദൃശ്യശ്രാവ്യ വാർത്താവിനിമയ മാധ്യമങ്ങളിലൂടെയും മറ്റ് സാമൂഹിക ചുറ്റുപാടുകളിലൂടെയും കുഞ്ഞുമനസ്സുകളിൽ ദൈവചിന്തയെ ഉണർത്തണം. ആദ്ധ്യാത്മികതയ്ക്ക് ഹാനികരമായ ഉപഭോക്തൃസംസ്കാരത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് കുട്ടികൾക്ക് മുന്നറിയിപ്പ് നൽകി അവയുടെ സ്വാധീനത്തിൽ അവർ ഉൾപ്പെടാതിരിക്കാൻ സഹായിക്കുക.

**7.** വിദ്യാലയ അന്തരീക്ഷത്തിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പെരുമാറ്റവും സംസാരവും ചർച്ചകളും സഭയോടും സഭാമേലധികാരികളോടും സ്നേഹവും ആദരവും പുലർത്തുന്ന വിധമായിരിക്കണം. കുട്ടികളുടെ ചിന്തകളെ സ്വർഗ്ഗോന്മുഖമാക്കുന്ന ചിത്രങ്ങളും ദൈവവചന ലിഖിതങ്ങളും ഇപ്രകാരമൊരുആന്തരികത സംജാതമാക്കുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

**8.** സുവിശേഷവേലയ്ക്കു വേണ്ടി ജീവിതം ഉഴിഞ്ഞു വയ്ക്കുന്നത് അഭികാമ്യമാണെന്നും ദൈവാനുഗ്രഹപ്രദമാണെന്നും കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക; ഇപ്രകാരമുള്ള വിഷയങ്ങൾ ചർച്ചാവിഷയമാക്കുക.

**9.** ദൈവസേവനത്തിനും ദൈവാലയ ശുശ്രൂഷയ്ക്കും കുട്ടികളിൽ ആഗ്രഹം ജനിപ്പിക്കുക, അവരെ അതിന് പ്രോത്സാഹിപ്പിക്കുക.

കുടുംബത്തിൽ ജനിച്ച്, ഇടവകയിലും വിദ്യാലയത്തിലും വളർന്ന്, സഭയിലും സമൂഹത്തിലും പടർന്നു പന്തലിക്കുന്ന ആത്മീയ വളർച്ചയുടെയും ദൈവവിളി പോഷണത്തിന്റെയും സംസ്കാരമാകട്ടെ രണ്ടായിരത്തിപതിമൂന്നിന്റെ തിരുബാലസഖ്യ ലക്ഷ്യം.

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട കുഞ്ഞുമക്കളേ, ഈശോയുടെ കൈപിടിച്ച് അവന്റെ കൂടെ നടക്കാൻ എന്നും നിങ്ങൾക്ക് സാധിക്കട്ടെ. കാരുണ്യവാനായ ദൈവം നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുംന്തോട്ടം**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

NB : ഈ സർക്കുലറിലെ ആശയങ്ങൾ നമ്മുടെ ജനങ്ങളെ സൗകര്യം പോലെ അറിയിക്കേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതാമെത്രാൻ




**2013 FEBRUARY**

| | | |
|---|---|---|
| 1 | | Ernakulam |
| 2 | AM | Golden Jubilee, Kizhakkambalam |
| | PM | Golden Jubilee, St. Thomas H.S. School, Olavakkode. |
| 3 | | Fathima Matha Church, Kallekkad |
| 4 | PM | St. Mary's School, Thathamangalam |
| 5 | AM | Meeting, Bishop's House |
| | PM | Paduva Rehabilation Centre, Paruthikkad |
| 6-7 | | Seminary Commission, Mangalappuzha |
| 8 | | Abroad (Birmingham & Rome) |
| 21 | PM | Kripasadan, Malampuzha |
| 23 | | Meeting, Pastoral Centre |
| 26-27 | | Catechism Commission Meeting, Mount St. Thomas, Kakkanad |

**2013 March**

| | | |
|---|---|---|
| 2 | | St. George LP School, Seenkara |
| 7 | | Sehion Retreat Centre, Thavalam Pettikkal |








**സ്മരണാഞ്ജലി**

റവ. ഫാ. വർഗ്ഗീസ്. യു. വാഴപ്പിള്ളി - ഫെബ്രുവരി 13

**വൈദികരുടെ മാസധ്യാനം**

ഇപ്രാവ്യശത്തെ വൈദികരുടെ മാസധ്യാനം അതത് ഫൊറോനകളിൽ വെച്ചാണ് നടത്തപ്പെടുന്നത്.

**വിവാഹമുടക്കം**

ഫെബ്രുവരി 11 മുതൽ മാർച്ച് 30 വരെ വലിയ നോമ്പായതിനാൽ ആ ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾ അനുവദനീയമല്ല.

**തെരട്ടിനെ സംബന്ധിച്ച് :**

1. 2012-2013 സാമ്പത്തിക വർഷത്തിലെ പള്ളിക്കണക്ക് ബിഷപ്പ് ഓഫീസിൽ ഓഡിറ്റുചെയ്യുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെട്ട പുസ്തകങ്ങളും, ബില്ലുകളും, ബാങ്ക് രേഖകളും ഏപ്രിൽ 30 ന് ഏല്പ്പിക്കേണ്ടതാണ്.
2. 2013 ജനുവരി 15 ന്. ബഹു. വൈദികരുടെ സമ്മേളനത്തിൽ നൽകിയ പുതിയ തെരട്ട് ഫോറത്തിലാണ് 2012-2013 തെരട്ട് എഴുതി സമർപ്പിക്കേണ്ടത്.
3. ഓരോ വർഷവും പുതിയ പുസ്തകത്തിലാണ് നാൾവഴിയും ലെഡ്ജറും തയ്യാറാക്കേണ്ടതെന്ന് മുമ്പ് അറിയിച്ചതിന്റെ പശ്ചാത്തലത്തിൽ 2012-2013 ലെ കണക്ക് നിർബന്ധമായും പുതിയ പുസ്തകത്തിലെഴുതി ഓഡിറ്റിങ്ങിന് സമർപ്പിക്കേണ്ടതാണ്.
4. പള്ളികണക്കെഴുത്തുകാർക്കായി ക്രമീകരിച്ച ക്ലാസിൽ ഓഡിറ്റർ നിർദ്ദേശിച്ച പ്രകാരം ഈ വർഷം മുതൽ ലെഡ്ജർ പുസ്തകത്തിൽ, തെരട്ടുഫോറത്തിൽ എഴുതിയ വിധത്തിൽതന്നെ വരവുചെലവുകണക്കും (Receipts & Payements) ധനകടസ്ഥിതിവിവരകണക്കും (Balance Sheet) എഴുതിയിരിക്കണം.
5. വാർഷിക തെരട്ടിനെ സംബന്ധിച്ച മറ്റുകാര്യങ്ങൾ 2012 ഫെബ്രുവരി മാസത്തിലെ രൂപതാ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്.

**പാലക്കാട് രൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം**

(പ്രാബല്യത്തിൽ വരുന്നത് ഫെബ്രുവരി 13, 2013)

**റവ. ഫാ. വടക്കൻ ആന്റണി OFM Cap. :** അസിസ്റ്റന്റ് വികാരി, സെന്റ് ജോസഫ് ഫൊറോന ചർച്ച്, ഒലവക്കോട്

**റവ. ഫാ. കുറ്റിക്കാടൻ അൽജോ :** അസിസ്റ്റന്റ് വികാരി, സെന്റ് റാഫേൽസ് കത്തീഡ്രൽ, പാലക്കാട്; നോട്ടറി, രൂപതാ കോടതി.

**റവ. ഫാ. ഐക്കര അജി :** അസിസ്റ്റന്റ് വികാരി, ഗുഡ്ഷെപ്പേർഡ് ചർച്ച്, കഞ്ചിക്കോട്

**റവ. ഫാ. കളരിക്കൽ ഷിനോജ് :** അസിസ്റ്റന്റ് വികാരി, ലൂർദ്ദ്മാതാ ഫൊറോന ചർച്ച്, വടക്കഞ്ചേരി

**റവ. ഫാ. കുളമ്പിൽ എബിൻ :** അസിസ്റ്റന്റ് വികാരി, ഫാത്തിമ മാതാ ചർച്ച്, അഗളി.

**റവ. ഫാ. കാളൻ ധനേഷ് :** അസിസ്റ്റന്റ് വികാരി, സെന്റ് ജോർജ്ജ് ചർച്ച്, വചനഗിരി.

**റവ. ഫാ. പാലുകുന്നേൽ ജോൺ സി.എം.എഫ് :** അസിസ്റ്റന്റ് വികാരി, സെന്റ് സേവിയേഴ്സ് ഫൊറോന ചർച്ച്, മംഗലംഡാം.

**റവ. ഫാ. കോട്ടയിൽ നിക്സൺ എം.സി.ബി.എസ് :** അസിസ്റ്റന്റ് വികാരി, സെന്റ് തോമസ് ഫൊറോന ചർച്ച്, കാഞ്ഞിരപ്പുഴ

**റവ. ഫാ. എടത്തിനാൽ ജോസഫ് എം.സി.ബി.എസ്:** റിലീവ്ഡ്, അസിസ്റ്റന്റ് വികാരി, ലൂർദ്ദ്മാതാ ഫൊറോന ചർച്ച്, വടക്കഞ്ചേരി.

**റവ. ഫാ. പ്രിൻസ് ചിറയത്ത് എം.എസ് :** റിലീവ്ഡ്, അസിസ്റ്റന്റ് വികാരി, സെന്റ് തോമസ് ഫൊറോന ചർച്ച്, കാഞ്ഞിരപ്പുഴ

**റവ. ഫാ. കുരിശുതറ വിനിൽ സി.എം.എഫ് :** റിലീവ്ഡ്, അസിസ്റ്റന്റ് വികാരി, സെന്റ് സേവിയേഴ്സ് ഫൊറോന ചർച്ച്, മംഗലംഡാം.

**റവ. ഫാ. അനിൽ കൊച്ചുതാഴത്ത് എം.എസ്. :** അസിസ്റ്റന്റ് വികാരി, ഹോളി സ്പിരിറ്റ് ഫൊറോന ചർച്ച്, മണ്ണാർക്കാട് (പ്രാബല്യത്തിൽ വരുന്നത് ഫെബ്രുവരി 21, 2013)

**റവ. ഫാ. ഇമ്മട്ടി സ്റ്റീഫൻ :** ഓൺ സ്റ്റഡി ലീവ്, ട്രിച്ചി; റിലീവ്ഡ്, നോട്ടറി രൂപതാ കോടതി.





**റവ. ഫാ. കുളംമ്പള്ളി തോമസ് :** വികാരി, സെന്റ് സെബാസ്റ്റ്യൻ ചർച്ച് കുറവംപാടി; സെന്റ് ജോർജ്ജ് ചർച്ച്, പുലിയറ; ഇൻഫന്റ് ജീസസ് ചർച്ച്, ഉണ്ണിമല; കപ്ലോൻ, സെക്രഡ് ഹാർട്ട് കോൺവെന്റ്, ഉണ്ണിമല.

**റവ. ഫാ. പൂവ്വത്താനികുന്നിൽ ജേക്കബ് :** വികാരി, സെന്റ് ജെയിംസ് ദ ഗ്രേറ്റ് ചർച്ച്, ധോണി; ഡയറക്ടർ, ക്രിസ്റ്റഫർ ഐ.ടി.ഐ ധോണി; കപ്ലോൻ, അമലസദൻ കോൺവെന്റ്, ധോണി.

**റവ. ഫാ. തോണിക്കാവിൽ ജോസ് പ്രകാശ് :** വികാരി, സെന്റ് ജൂഡ് ചർച്ച് ഓടംതോട്; സെന്റ് മേരീസ് ചർച്ച്, കരിംങ്കയം.

**റവ. ഫാ. കൂന്താനിയിൽ റോബി :** വികാരി, സെന്റ് ജോർജ് ചർച്ച്, വചനഗിരി; സെന്റ് ആന്റണിസ് ചർച്ച്, വാൽക്കുളമ്പ്; ക്രൈസ്റ്റ് ദ കിംഗ് ചർച്ച്, പനംകുറ്റി; മാനേജർ രൂപതാ എസ്റ്റേറ്റ്, വചനഗിരി; കപ്ലോൻ, അസീസി ഭവൻ, വചനഗിരി.

**റവ. ഫാ. വാഴേപ്പറമ്പിൽ സണ്ണി :** വികാരി, ഹോളിക്രോസ് ചർച്ച്, പുലാപ്പറ്റ; കപ്ലോൻ, ഡിവൈൻ പ്രോവിഡൻസ് കോൺവെന്റ്, പുലാപ്പററ.

**റവ. ഫാ. വളയത്തിൽ സേവ്യർ :** വികാരി, സെന്റ് മേരീസ് ചർച്ച്, കാരാക്കുറുശ്ശി; കപ്ലോൻ, പവിത്രാത്മാ കോൺവെന്റ് കാരാക്കുറുശ്ശി.

**റവ. ഫാ. ആളൂർ ജോൺ :** വികാരി സെന്റ് ജോസഫ് ചർച്ച്, കടമ്പ ഴിപ്പുറം; കപ്ലോൻ, കാർമ്മൽ ഭവൻ, കടമ്പഴിപ്പുറം.

**റവ. ഫാ. തുരുത്തുവേലിൽ നീലേഷ് :** റിലീവ്ഡ്, വികാരി, സെന്റ് ജോസഫ് ചർച്ച്, കടമ്പ ഴിപ്പുറം

**റവ. ഫാ. കുളമ്പിൽ ജോസ് :** വികാരി, നിത്യസഹായമാതാ ചർച്ച്, പന്തലാംപാടം; മാനേജർ മേരിമാതാ ഹൈസ്കൂൾ പന്തലാംപാടം; കപ്ലോൻ, ഹോളിഫാമിലി കോൺവെന്റ്, പന്തലാംപാടം; ചാവറ സദൻ കോൺവെന്റ്, പന്തലാംപാടം (പ്രാബല്യത്തിൽ വരുന്നത് ഫെബ്രുവരി 15, 2013).

**റവ. ഫാ. തട്ടിൽ സെബാസ്റ്റ്യൻ :** താല്ക്കാലിക ലീവ് ( പ്രാബല്യത്തിൽ വരുന്നത് ഫെബ്രുവരി 15, 2013).

**റവ. ഫാ. കണ്ണാംപാടത്തിൽ ജോൺസൺ :** ജോയിന്റ് ഡയറക്ടർ, പാലന ആശുപത്രി; വികാരി, ഫാത്തിമ മാതാ ചർച്ച്, കല്ലേക്കാട്.

**റവ. ഫാ. വാഴയിൽ മാത്യു :** റിലീവ്ഡ്, ഫാത്തിമ മാതാ ചർച്ച്, കല്ലേക്കാട്

**റവ. ഫാ. തട്ടിൽ മാർട്ടിൻ :** ഡയറക്ടർ, സാൻജോ ഫാർമസി കോളേജ്, വെള്ളപ്പാറ (അഡീഷണൽ); റിലീവ്ഡ്, ജോയിന്റ് ഡയറക്ടർ, പാലന ആശുപത്രി.

**റവ. ഫാ. പനപറമ്പിൽ സജി :** വൈസ് റെക്ടർ, സെന്റ് മേരീസ് മൈനർ സെമിനാരി, കല്ലേപ്പുള്ളി (അഡീഷണൽ).

**റവ. ഫാ. താനിക്കൽ ടെൻസൺ :** ഡയറക്ടർ, സെന്റ് തോമസ് ഐ.ടി.ഐ, കാഞ്ഞിരപ്പുഴ; വികാരി, സെന്റ് ജോസഫ് ചർച്ച്, മെഴുകുംപാറ

**റവ. ഫാ. മേച്ചേരി ആൻസൺ :** വികാരി, സെന്റ് ആന്റണീസ് ചർച്ച്, കോട്ടായി; കപ്ലോൻ, മേരിമാതാ കോൺവെന്റ്, കോട്ടായി.

**റവ. ഫാ. കടമ്പാട്ടുപറമ്പിൽ സെബാസ്റ്റ്യൻ :** റിട്ടയേർഡ്

**റവ. ഫാ. വടക്കേക്കര ജോജി :** സ്പിരിചൽ ഡയറക്ടർ, സെന്റ് മേരീസ് മൈനർ സെമിനാരി, കല്ലേപ്പുള്ളി; വികാരി, ഹോളിഫാമിലി ചർച്ച്, നിരവ്; കപ്ലോൻ, ജയ് ക്രിസ്തോ പ്രൊവിൻഷ്യൽ ഹൗസ്, പാലക്കാട്.

**റവ. ഫാ. പറമ്പി തോമസ് :** വികാരി, സെന്റ് മേരീസ് ചർച്ച്, സേലം; കപ്ലോൻ, ഷാലോം കോൺവെന്റ് & ഹോളിഫാമിലി ഭവൻ, സേലം.

**റവ. ഫാ. കാച്ചപ്പിള്ളി ജോബി :** വികാരി, സെന്റ് മേരീസ് ചർച്ച്, വിമലഗിരി; സെന്റ് ജോസഫ് ചർച്ച്, കാഞ്ഞിരപ്പുഴ ഡാം; കപ്ലോൻ, സ്നേഹഗിരി കോൺവെന്റ്, വിമലഗിരി.

**റവ. ഫാ. പാറയിൽ ജിജോ :** വികാരി ഹോളിഫാമിലി ചർച്ച്, ചുള്ളിയാംകുളം; കപ്ലോൻ, ഹോളിഫാമിലി കോൺവെന്റ്, ചുള്ളിയാംകുളം; റിലീവ്ഡ്, ജോയിന്റ് ഡയറക്ടർ, ആയുർപാലന ആശുപത്രി.

**റവ. ഫാ. തേക്കുംകാട്ടിൽ ജോമി :** വികാരി, സെന്റ് ജെയിംസ് ചർച്ച്, കുളക്കാട്ടുകുറിശ്ശി; (അഡീഷണൽ) കപ്ലോൻ, ക്രിസ്തുരാജ കോൺവെന്റ്, കുളക്കാട്ടുകുറിശ്ശി.

**റവ. ഫാ. വട്ടുകളത്തിൽ സജി :** വികാരി, സെന്റ് തോമസ് ചർച്ച്, മലമ്പുഴ സൗത്ത്.





**റവ ഫാ. കൊച്ചുപറമ്പിൽ ജോസ് :** സെന്റ്തോമസ് അക്വിനാസ് ചർച്ച്, അകത്തേത്തറ

**റവ. ഫാ. തോട്ടിയാൻ പോൾ :** വികാരി, സെന്റ് മേരീസ് ചർച്ച്, ആരോഗ്യപുരം; കപ്ലോൻ, ആരോഗ്യമാതാ കോൺവെന്റ്, ആരോഗ്യപുരം.

**റവ. ഫാ. താമരശ്ശേരി സെബാസ്റ്റ്യൻ :** വികാരി, സെന്റ് ആന്റണീസ് ഫൊറോന ചർച്ച്, മേലാർകോട്; കപ്ലോൻ, ഹോളിഫാമിലി കോൺവെന്റ്, മേലാർകോട്.

**റവ. ഫാ. മംഗലൻ സെബാസ്റ്റ്യൻ :** വികാരി, നിത്യസഹായമാതാ ചർച്ച്, മാങ്കാവ്; കപ്ലോൻ, പാവനാത്മാ കോൺവെന്റ്, പാലക്കാട്.

**റവ. ഫാ. തുരുത്തിപ്പള്ളി ജോർജ് :** വികാരി, സെന്റ് ആന്റണീസ് ചർച്ച്, വാളയാർ (അഡീഷണൽ); കപ്ലോൻ, സെന്റ് ജോസഫ് കോൺവെന്റ്, വാളയാർ.

**റവ. ഫാ. ആളൂർ ജോസ് :** റിലീവ്ഡ്, സെന്റ് ആന്റണീസ് ചർച്ച്, വാളയാർ

**റവ. ഫാ. കല്ലുവേലിൽ ജോസ് :** ഓൺ ലീവ് ഫോർ സർവ്വീസ് ഇൻ ടൊറൊന്റോ, കാനഡ.

**റവ. ഫാ. ചാലക്കൽ ജീജോ :** വികാരി, സെന്റ് തോമസ് ഫൊറോന ചർച്ച്, കാഞ്ഞിരപ്പുഴ; സെന്റ് ജോൺ മരിയ വിയാനി ചർച്ച്, പാലാംമ്പറ്റ; കപ്ലോൻ, അസംപ്ഷൻ കോൺവെന്റ്; ഹോളിഫാമിലി കോൺവെന്റ്, കാഞ്ഞിരപ്പുഴ.

**റവ. ഫാ. തോട്ടങ്കര ഫ്രാൻസിസ് :** വികാരി, സെന്റ് മേരീസ് ചർച്ച്, ചിറ്റൂർ; സെന്റ് മേരീസ് ചർച്ച്, പല്ലിയറ; കപ്ലോൻ, വിമലഭവൻ കോൺവെന്റ്, ചിറ്റൂർ.

**റവ. ഫാ. കിഴക്കേടത്ത് റോയി :** വികാരി, സെന്റ് അൽഫോൻസാ ചർച്ച്, കോട്ടത്തറ; സെന്റ് ആന്റണീസ് ചർച്ച്, ഷോളയൂർ( അഡീഷണൽ); കപ്ലോൻ, ദീപ്തി കോൺവെന്റ്, ഷോളയൂർ.

**റവ. ഫാ. വടക്കൻ ജെയ്സൺ :** വികാരി, സെന്റ് ജോസഫ് ചർച്ച്, കൊല്ലങ്കോട്; സെന്റ് ആന്റണീസ് ചർച്ച്, പരുത്തിക്കാട്; കപ്ലോൻ, ഹോളിഫാമിലി കോൺവെന്റ്, കൊല്ലങ്കോട്; ഹോളിഫാമിലി കോൺവെന്റ്, പരുത്തിക്കാട്.

**റവ. ഫാ. ആക്കപ്പറമ്പിൽ ജോയ്സൺ :** വികാരി, സെന്റ് സെബാസ്റ്റ്യൻ ചർച്ച്, അകമലവാരം; സെന്റ് ജോസഫ് ചർച്ച്, ആനക്കല്ല്; കപ്ലോൻ, ഹോളിഫാമിലി കോൺവെന്റ്, അകമലവാരം; റിലീവ്ഡ്, നോട്ടറി, രൂപതാ കോടതി.

**പ്ലാത്തോട്ടത്തിൽ ജിൻസ് :** വികാരി, മൗണ്ട് കാർമൽ ചർച്ച്, നെല്ലിയാമ്പതി; സെന്റ് മേരീസ് ചർച്ച്, സീതാർകുണ്ട്; കപ്ലോൻ, സെന്റ് മേരീസ് കോൺവെന്റ്, നെല്ലിയാംമ്പതി.

**റവ. ഫാ. ഇരിമ്പൻ സെബാസ്റ്റ്യൻ :** റിട്ടയേർഡ്

**റവ. ഫാ. അരിശ്ശേരിൽ തോമസ് :** നോട്ടറി രൂപതാ കോടതി (അഡീഷണൽ)

## അഭിനന്ദനങ്ങൾ



കോയമ്പത്തൂർ അവിനാശിലിങ്കം യൂണിവേഴ്സിറ്റി ഫോർ വിമൻസിൽ നിന്നും "Investigations on Thermally Evabrated Sb-B1-S Thin Films for Photoelectro Chemical Cell Application'' എന്ന വിഷയത്തിൽ Physics- ൽ ഡോക്ടറേറ്റ് നേടിയ പാലക്കാട് ജയ് ക്രിസ്തോ പ്രൊവിൻസ് അംഗമായ **ബഹു. സി. ജീസാ CMC** ക്ക് അഭിനന്ദനങ്ങൾ



മഹാത്മഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും "Study of Active Antimicrobial Principles and Chemical Composition of Important Compounds in Certain Species of Indigosera Genes'' എന്ന വിഷയത്തിൽ Botany- ൽ ഡോക്ടറേറ്റ് നേടിയ പാലക്കാട് ജയ് ക്രിസ്തോ പ്രൊവിൻസ് അംഗമായ **ബഹു. സി. നമിത CMC** ക്ക് അഭിനന്ദനങ്ങൾ



ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്നും "Convective Boundary Layer Slow of Nanofluids'' എന്ന വിഷയത്തിൽ Applied Mathematics- ൽ ഡോക്ടറേറ്റ് നേടിയ പാലക്കാട് ജയ് ക്രിസ്തോ പ്രൊവിൻസ് അംഗമായ **ബഹു. സി. ജൂലിയ CMC** ക്ക് അഭിനന്ദനങ്ങൾ





## വിശ്വാസവർഷം-പ്രസംഗ സഹായി (നമ്പർ 7)

### ദൈവത്തിന്റെ ഏകപുത്രനും, നമ്മുടെ കർത്താവുമായ ഈശോമിശിഹായിലുള്ള വിശ്വാസം

ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രാഷ്ടാവായ ദൈവത്തെ കഴിഞ്ഞ പരമ്പരയിൽ നാം പഠനവിഷയമാക്കി. ദൈവത്തിന്റെ ഏകപുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിലുള്ള വിശ്വാസത്തെയാണ് നാം ഇപ്പോൾ പഠനവിഷയമാക്കുന്നത്. "കാലത്തിന്റെ പൂർണതയിൽ ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽ നിന്നും ജാതനായി. നിയമത്തിനു അധീനനായി ജനിച്ചു" (ഗലാ. 4:4). വി. മർക്കോസ് സുവിശേഷകൻ സുവിശേഷം തന്നെ ആരംഭിക്കുന്നത് യേശുവിന്റെ ദൈവപുത്രസ്ഥാനം പ്രസ്താവിച്ചു കൊണ്ടാണ്, "ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" (മർക്കോ. 1:1). നമ്മൾ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു: നസ്രത്തുനിന്നുള്ള യേശു ഒരു ഇസ്രായേൽ പുത്രിയിൽ നിന്ന് യഹൂദനായി ബെത്ലേഹമിൽ ജനിച്ചു. ഈ ജനനം ഹെറോദോസിന്റെയും , അഗസ്റ്റസ് സീസർ ഒന്നാമൻ ചക്രവർത്തിയുടെയും ഭരണകാലത്തായിരുന്നു. തിബേരിയൂസ് ചക്രവർത്തിയുടെയും, റോമൻ ഗവർണ്ണറായിരുന്ന പന്തിയോസ് പീലാത്തോസിന്റെയും കാലത്ത് ജറുസലമിൽ ക്രൂശിതനായി മരിച്ച യേശു ഉത്ഥാനശേഷം ഇപ്പോൾ നമ്മോടൊത്ത് എപ്പോഴും വസിക്കുന്നു. ഇതാണ് ദൈവത്തിന്റെ ഏകപുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിലുള്ള വിശ്വാസം.

യേശു എന്നപദത്തിനു ഹീബ്രുഭാഷയിൽ അർത്ഥം ദൈവം രക്ഷിക്കുന്നു എന്നാണ്. അത് അവിടുത്തെ വ്യക്തിത്വത്തെയും ദൗത്യത്തെയും സൂചിപ്പിക്കുന്നു. പാപത്തിൽ നിന്നു മോചനം നല്കാൻ ദൈവത്തിനു മാത്രമേ സാധിക്കൂ. അതുകൊണ്ട് വ്യക്തിത്വം ദൈവപുത്രനായ ക്രിസ്തുവാണ്. ഇനി അവിടുത്തെ ദൗത്യമെന്താണ്? 'രക്ഷിക്കുക' അതായത് രക്ഷനേടാൻ യേശുവിന്റെ നാമമല്ലാതെ വേറെ നാമമില്ല അതുകൊണ്ട് അവിടുന്നു ദൈവത്തിന്റെ ഏകപുത്രനും, നമ്മെ രക്ഷിക്കുന്ന കർത്താവുമാണ്. മനുഷ്യാവതാരത്തിലൂടെ യേശു എല്ലാ മനുഷ്യരുമായി ഐക്യപ്പെട്ടിരിക്കുന്നു.

**ദൈവത്തിന്റെ ഏകപുത്രൻ...**

ദൈവപുത്രൻ എന്ന സംജ്ഞ പഴയനിയമത്തിൽ മാലാഖമാർ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം, ഇസ്രായേൽ മക്കൾ, ഇസ്രായേലിന്റെ രാജാക്കന്മാർ മുതലായവർക്കു നല്കപ്പെട്ടിരുന്നു. ഇതിൽ അതിമാനുഷികമായ എന്തെങ്കിലും ഉണ്ടാകണമെന്നില്ല. എന്നാൽ ഈശോ ദൈവപുത്രൻ ആകുന്നു- വെന്നു ഏറ്റുപറയുമ്പോൾ ഇതിനു വ്യത്യസ്തമായ അർത്ഥമാണുള്ളത്. "നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നു. എന്നു പത്രോസ് ഏറ്റു പറഞ്ഞപ്പോൾ ഈശോ നൽകിയ മറുപടി അതു വ്യക്തമാക്കുന്നു. "മാംസരക്തങ്ങളല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്കിതു വെളിപ്പെടുത്തി തന്നത്" സഭയുടെ അടിസ്ഥാനമെന്ന നിലയിൽ പത്രോസ് നടത്തിയ ഈ വിശ്വാസ പ്രഖ്യാപനം ആരംഭം മുതലെ അപ്പസ്തോലിക വിശ്വാസത്തിന്റെ കേന്ദ്രമായി നിലനിൽക്കുന്നു.

യേശുവിന്റെ പുത്രസ്ഥാനം, നമ്മുടെ പുത്രസ്ഥാനത്തുനിന്നും വ്യത്യസ്തമാണ്. നമ്മുടെ പിതാവ് എന്നു അവിടുന്നു ഒരിക്കലും പറയുന്നില്ല. നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുവിൻ എന്നു പറഞ്ഞുകൊണ്ട് ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയിൽ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നു പഠിപ്പിച്ചതൊഴികെ. യേശു നമ്മുടെ പിതാവേയെന്നു ഒരിക്കലും പറയുന്നില്ല. തന്റെ ദൈവപുത്രസ്ഥാനവും നമ്മുടെ ദൈവപുത്രസ്ഥാനവും തമ്മിലുള്ള അന്തരം, എന്റെ പിതാവും നിങ്ങളുടെ പിതാവും (മത്താ. 5:48) എന്ന പ്രസ്താവനയിലൂടെ യേശു ഉറപ്പിക്കുന്നു.

താൻ ദൈവത്തിന്റെ ഏകപുത്രനാണെന്നു യേശുതന്നെ പ്രസ്താവിക്കുന്നുണ്ട് (ജെറ 3:16). "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ , നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു". താൻ ദൈവപുത്രനാണെന്നു പറഞ്ഞപ്പോൾ ദൈവദൂഷണം പറയുന്നുവെന്നു പറഞ്ഞ യഹൂദന്മാരോട് ഈശോ ചോദിക്കുന്നു. "പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്ക് അയച്ച എന്നെ, ഞാൻ ദൈവപുത്രനാണെന്നു പറഞ്ഞതുകൊണ്ട് ,





നീ ദൈവദൂഷണം പറയുന്നുവെന്ന് നിങ്ങൾ കുറ്റപ്പെടുത്തുന്നുവോ?" (യോഹ.10:36) ദൈവത്തിന്റെ ഏകപുത്രന്റെ നാമത്തിൽ വിശ്വാസമർപ്പിക്കുവാൻ അവിടുന്നു ആഹ്വാനം ചെയ്യുന്നു", അവനിൽ വിശ്വസിക്കുന്ന ഒരുവനും ശിക്ഷക്കു വിധിക്കപ്പെടുന്നില്ല. വിശ്വസിക്കാത്തവനോ, ദൈവത്തിന്റെ ഏകജാതന്റെ നാമത്തിൽ വിശ്വസിക്കായ്കമൂലം നേരത്തേതന്നെ ശിഷക്കു വിധിക്കപ്പെട്ടിരിക്കുന്നു" (യോഹ. 3:18). പുനരുത്ഥാനശേഷം അവിടുത്തെ മഹത്വീകൃത മനുഷ്യത്വത്തിന്റെ ശക്തിയിൽ അവിടുത്തെ ദൈവപുത്രത്വം വെളിപ്പെടുന്നു. "മരിച്ചവരിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപ്പിലൂടെ വിശുദ്ധിയുടെ ആത്മാവിനു ചേർന്ന വിധം ശക്തിയിൽ അവിടന്നു ദൈവപുത്രനായി അവരോധിക്കപ്പെട്ട" (റോമ.1:3) ഉത്ഥിതനായ കർത്താവിനെ അനുഭവിച്ചറിഞ്ഞ അപ്പസ്തോലന്മാർ പ്രഘോഷിച്ചു "അവിടുത്തെ മഹത്വം ഞങ്ങൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം" (യോഹ. 1:14) ശതാധിപനെ പോലെ തീർച്ചയായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു എന്ന തിരിച്ചറിവാണ് ക്രൈസ്തവ വിശ്വാസ പ്രഖ്യാപനം.

**നമ്മുടെ കർത്താവുമായ...**

മോശയ്ക്കു ദൈവം സ്വയം വെളിപ്പെടുത്തിയ ഹീബ്രുവിലെ യാഹ്‌വേ (YHWH) എന്ന അവാച്യനാമം പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷയിൽ "കീരിയോസ്" (കർത്താവ്) എന്നാണ്. പുതിയനിയമത്തിൽ യേശു കർത്താവാണെന്നു ഏററുപറഞ്ഞുകൊണ്ട് അവിടുത്തെ ദൈവമായി ഏറ്റുപറയുന്നു. പ്രകൃതിയുടെയും രോഗങ്ങളുടെയും, പിശാചുക്കളുടെയും, പാപത്തിന്റെയും മരണത്തിന്റെയും മേൽ തനിക്കുള്ള ശക്തി പ്രദർശിപ്പിച്ചുകൊണ്ട് പരസ്യജീവിതകാലമൊക്കെയും തന്റെ ദൈവിക പരമാധികാരം അവിടന്നു പ്രകടമാക്കി.

സുവിശേഷങ്ങളിൽ പലപ്പോഴും ജനങ്ങൾ യേശുവിനെ കർത്താവ് എന്ന് വിളിച്ചുകൊണ്ട് സമീപിക്കുന്നുണ്ട് (മത്താ. 8:2, 14:30, 15:22). പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ എലിസബത്തു, മറിയത്തെ കർത്താവിന്റെ അമ്മയെന്നു അഭിസംബോധന ചെയ്യുന്നു (ലൂക്കാ.1:43). ഈശോയുടെ ജനനത്തെപറ്റി മാലാഖമാർ ആട്ടിടയന്മാരെ

അറിയിച്ചത് കർത്താവായ ക്രിസ്തു ഇന്നു ജീവിച്ചിരിക്കുന്നുവെന്നാണ് (ലൂക്കാ. 2:11). ഉയിർത്തെഴുന്നേറ്റ കർത്താവിനെ അനുഭവിച്ചറിഞ്ഞ തോമാശ്ലീഹാ ഏറ്റു പറഞ്ഞു. “എന്റെ കർത്താവേ, എന്റെ ദൈവമേ” കർത്താവ് എന്ന ദിവ്യനാമം ഉപയോഗിച്ച് ഈശോയെ സംബോധന ചെയ്യുമ്പോൾ സഭയുടെ വിശ്വാസത്തിന്റെ പ്രഥമ പ്രഖ്യാപനങ്ങൾ ആരംഭം മുതലേ പിതാവായ ദൈവത്തിനു അർഹമായ ശക്തിയും ബഹുമാനവും മഹത്വവും ഈശോയ്ക്കും അർഹമാണെന്നു ഉറപ്പിച്ചു പ്രസ്താവിക്കുന്നു. എന്തെന്നാൽ മനുഷ്യസാദൃശ്യത്തിലായിരുന്ന പുത്രനെ മരിച്ചവരുടെ ഇടയിൽ നിന്നുയർപ്പിച്ച് അവനെ തന്റെ മഹത്വത്തിലേക്ക് ഉയർത്തിക്കൊണ്ട് പിതാവ് ഈശോയുടെ പരമാധികാരം വെളിപ്പെടുത്തി (റോമ. 10:9). ക്രൈസ്തവ പ്രാർത്ഥന കർത്താവ് എന്ന സംജ്ഞയാൽ മുദ്രിതമാണ്. പ്രാർത്ഥനക്കുള്ള ആഹ്വാനത്തിലും (കർത്താവ് നിങ്ങളോടുകൂടെ, പ്രാർത്ഥനയുടെ ഉപസംഹാരത്തിലും (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി) വിശ്വാസവും പ്രത്യാശയും നിറഞ്ഞ മുറവിളിയിലും (Maranatha - ഞങ്ങളുടെ കർത്താവേ വന്നാലും) കർത്താവ് എന്ന സംജ്ഞയാൽ മുദ്രിതമാണ്.

**...ഈശോമിശിഹായിലും വിശ്വസിക്കുന്നു**

ദൈവത്തിന്റെ രാജ്യം എന്നേക്കുമായി സ്ഥാപിക്കുവാൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനാണ് ഈശോമിശിഹാ ‘മിശിഹാ’ എന്ന പദത്തിന്റെ അർത്ഥംതന്നെ അയക്കപ്പെട്ടവൻ എന്നാണ്. യേശുവിന്റെ മെസ്സയാനികാഭിഷേകം അവിടുത്തെ ദിവ്യദൗത്യം വെളിപ്പെടുത്തുന്നു. അവിടുത്തെ ദിവ്യദൗത്യം പൂർത്തിയാക്കപ്പെട്ടത് കുരിശിൽ ഉയർത്തപ്പെട്ടപ്പോൾ മാത്രമാണ് (1 യോഹ. 9:19-22). പുനരുത്ഥാനശേഷമാണ് ദൈവജനത്തോട് പ്രഘോഷിക്കുവാൻ പത്രോസിനു സാധിച്ചത്. “അതിനാൽ നിങ്ങൾ കുരിശിൽതറച്ച അവിടുത്തെ, ദൈവം, കർത്താവും, ക്രിസ്തുവുമാക്കിയെന്ന് ഇസ്രായേൽഭവനം മുഴുവൻ വ്യക്തമായി അറിയട്ടെ (അപ്പ. 2:36).

ചുരുക്കമായി, അനാദിയിലേ ദൈവത്തോടൊപ്പം ആയിരുന്നവനും ദൈവമായിരിക്കുന്നവനും സമയത്തിന്റെ പൂർണ്ണതയിൽ നമ്മുടെ രക്ഷയ്ക്കായി അയക്കപ്പെട്ടവനുമായി ഈശോമിശിഹായിലുള്ള വിശ്വാസമാണ് ദൈവത്തിന്റെ ഏകപുത്രനും, നമ്മുടെ കർത്താവുമായ





ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നുവെന്നും ഏറ്റു പറയുമ്പോൾ നമ്മൾ പ്രഖ്യാപിക്കുന്നത്. ദൈവത്തിന്റെ ഏകപുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായുടെ നാമമാണ് നമുക്കു രക്ഷയ്ക്കായി നല്കപ്പെട്ടിരിക്കുന്നതെന്ന് അടുത്ത പഠനത്തിൽ നമുക്കു മനസ്സിലാക്കാം.

## വിശ്വാസവർഷം-പ്രസംഗസഹായി (നമ്പർ 8)

ദൈവത്തിന്റെ ഏകപുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിലുള്ള വിശ്വാസത്തെ നാം കഴിഞ്ഞ പ്രാവശ്യം ചിന്തയ്ക്ക് വിഷയീഭവിപ്പിച്ചു. ദൈവവും രക്ഷകനുമായ ഈശോമിശിഹായിലുള്ള വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട്, ആകാശത്തിനുകീഴെ നമ്മുടെ രക്ഷയ്ക്കായി വേറെ നാമം നല്കപ്പെട്ടിട്ടില്ലയെന്ന് നാം പ്രഖ്യാപിക്കുകയാണ്. ആ യേശു നാമത്തിന്റെ ശക്തിയെപറ്റിയാണ് നാമിന്ന് ധ്യാനത്തിനു വിഷയമാക്കുന്നത്. ശക്തിയുള്ള നാമമാണ് യേശുനാമം. യേശു എന്ന നാമത്തിന്റെ അത്ഭുതശക്തി വെളിപ്പെടുത്തുന്ന അനേകം സംഭവങ്ങൾ ബൈബിളിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ‘യേശു’ എന്ന നാമത്തിന്റെ പ്രത്യേകതകളെപറ്റി നമുക്കു ചിന്തിക്കാം.

a, പിതാവായ ദൈവം നൽകിയ നാമമാണ് യേശുനാമം. സാധാരണ കുഞ്ഞു ജനിച്ചതിനുശേഷം ആണോ, പെണ്ണോ, എന്നു തിരിച്ചറിഞ്ഞതിനുശേഷമാണ് കുഞ്ഞിനു പേരു നിശ്ചയിക്കുക. എന്നാൽ യേശുവിന്റെ കാര്യത്തിൽ, ഈശോ മാതാവിന്റെ ഉദരത്തിൽ ഉരുവാക്കപ്പെടുന്നതിനുമുമ്പേ, ദൈവം തന്നെ പേരു നിശ്ചയിക്കുന്നു. ദൂതൻ ദൈവത്തിനോടു പറഞ്ഞു“ നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, നീ അവനു യേശു എന്ന പേരിടണം” (ലൂക്ക. 1:31).

b, എല്ലാ നാമത്തിനും ഉപരിയാണ് യേശുനാമം.“ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു”(ഫിലി. 2:9) അതുകൊണ്ട് യേശു എന്ന നാമത്തിനു മുകളിൽ അധികാരമുള്ള വേറൊരു നാമം സ്വർഗ്ഗത്തിലും ഭൂമിയിലും നല്കപ്പെട്ടിട്ടില്ല.

c, യേശു എന്ന നാമം പിശാചുക്കൾപോലും ഞെട്ടിവിറക്കുന്ന നാമമാണ്. " എഴുപത്തിരണ്ടുപേരും സന്തോഷത്തോടെ തിരിച്ചുവന്നുപറഞ്ഞു കർത്താവേ നിന്റെ നാമത്തിൽ പിശാചുക്കൾപോലും ഞങ്ങൾക്കു കീഴ്പ്പെടുന്നു" (ലൂക്ക. 10:17). നമ്മുടെ കുടുംബങ്ങളിൽ നിന്നു ഇടവകയിൽ നിന്നു, കൂട്ടായ്മയിൽ നിന്ന്, സ്ഥാപനത്തിൽ നിന്നു, സാത്താൻ ഇടിമിന്നൽപോലെ വീണു തകരുവാൻ 'യേശു' എന്ന നാമം ശക്തമായി ഉപയോഗിക്കുക. യേശുനാമം ഏറ്റു പറയുക, യേശുനാമത്തെ സ്തുതിക്കുന്ന പാട്ടുകൾ പാടി പ്രാർത്ഥിക്കുക.

d, സ്വർഗ്ഗത്തിന്റെ വാതിൽതുറക്കുന്ന നാമമാണ് യേശുനാമം. "നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടന്നു നിങ്ങൾക്കു നല്കും"(യോഹ 15:16). "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും പിതാവു പുത്രനിൽ മഹത്വപെടാൻ വേണ്ടി ഞാൻ പ്രവർത്തിക്കും" (യോഹ 14:13). അതുകൊണ്ട് നാം പ്രാർത്ഥിക്കുമ്പോൾ യേശുനാമത്തിൽ പ്രാർത്ഥിക്കണം.

e, ദൈവമക്കാളാക്കുന്ന നാമമാണ് യേശുനാമം "തന്നെ സ്വീകരിച്ച വർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നല്കി" (യോഹ1:12). യേശുതന്നെ തന്റെ പരസ്യ ജീവിതകാലത്തു ഇക്കാര്യത്തെക്കുറിച്ച് പഠിപ്പിച്ചിട്ടുണ്ട്. "ഏകസത്യദൈവമായ അവിടെത്തെയും, അങ്ങ് അയച്ച യേശക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ"(യോഹ 17:3). "പുത്രനെ സ്വന്തമാക്കിയവൻ ജീവനെ സ്വന്തമാക്കിയിരിക്കുന്നു, ദൈവപുത്രനെ സ്വന്തമാക്കാത്തവനു ജീവനില്ല"(1 യോഹ 5:12).

f, പാപമോചനം നല്കുന്ന നാമമാണ് യേശുനാമം" അവൾ ഒരു പുത്രനെ പ്രസവിക്കും നീ അവന് യേശു എന്നു പേരിടണം. എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കും"(മത്താ1:21). ദൈവദൂതൻ തന്റെ സ്വന്തം അഭിപ്രായമല്ല ഇവിടെ വെളിപ്പെടുത്തുന്നത്. പിതാവായ ദൈവം യേശുവിനെക്കുറിച്ച് പറയാൻ ഏല്പിച്ച ദൂതാണ് "അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കും" എന്നുള്ളത്. അതുകൊണ്ടാണ് വി.യോഹന്നാൻ ഓർമ്മിക്കുന്നത്. "എന്റെ കുഞ്ഞുമക്കളെ, നിങ്ങൾ പാപം





ചെയ്യാതിരിക്കേണ്ടതിനാണ് ഇവ നിങ്ങൾക്കെഴുതുന്നത്. എന്നാൽ ആരെങ്കിലും പാപം ചെയ്യാനിടയായാൽ തന്നെ പിതാവിന്റെ സന്നിധിയിൽ നമുക്ക് ഒരു മധ്യസ്ഥനുണ്ട്. നീതിമാനായ യേശുക്രിസ്തു. അവൻ നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയാണ്. നമ്മുടെ മാത്രമല്ല ലോകം മുഴുവന്റെയും പാപങ്ങൾക്ക്" (1 യോഹ 2:1-2).

g, രോഗശാന്തി നല്കുന്ന നാമമാണ് യേശു നാമം. പത്രോസ് പറഞ്ഞു വെള്ളിയോ, സ്വർണ്ണമോ എന്റെ കയ്യിലില്ല. എനിക്കുള്ളത് നിനക്കു തരുന്നു. നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റ് നടക്കുക (അപ്പ. 3:6).യേശുവിന്റെ നാമത്തിലുള്ള ബോധ്യവും, വിശ്വാസവും വളരണം. യേശുനാമത്തിലുള്ള ബോധ്യവും വിശ്വാസവും നമ്മിൽ വളർച്ച പ്രാപിക്കുന്നതിനനുസരിച്ച് ഈ നാമം നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാറ്റിന്റെ മേലും ഒരധികാരമായി മാറും.

h, രക്ഷക്കുള്ള ഏകനാമമാണ് യേശുനാമം. "ആകാശത്തിനുകീഴെ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല" (അപ്പ. 4:12). ദൈവവചനം വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. മനുഷ്യരക്ഷയ്ക്കായുള്ള ഏകനാമമാണ് യേശുനാമം. നാം വിശ്വാസത്തോടെ വിളിച്ചപേക്ഷിച്ച് രക്ഷപ്രാപിക്കുവാൻ സ്വർഗ്ഗം നമുക്കു നല്കിയിട്ടുള്ള രക്ഷാനാമമാണ് യേശുനാമം. "കർത്താവായ യേശുവിൽ വിശ്വസിക്കുക, നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" (അപ്പ 16:31).

g, പരിശുദ്ധാത്മാവിനെ നല്കുന്ന നാമമാണ് യേശുനാമം. "എന്റെ നാമത്തിൽ പിതാവ് അയക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (യോഹ 14:26). യേശുവിന്റെ നാമത്തിൽ ശിരസ്സിനു കൈകൾ വെക്കുമ്പോൾ മാത്രമല്ല,യേശുവിന്റെ നാമത്തെക്കുറിച്ച് കേട്ടുകൊണ്ടിരിക്കുമ്പോൾ തന്നെ യേശുനാമം പ്രഘോഷിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ തന്നെ പരിശുദ്ധാത്മാവ് വ്യക്തിയുടെ മേൽ വന്നു നിറയുന്നു. "പത്രോസ് ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ, കേട്ടുകൊണ്ടിരിക്കുന്ന എല്ലാവരുടെയും മേൽ പരിശുദ്ധാത്മാവ് വന്നു" (അപ്പ 10:44).

J. അനുഗ്രഹം വാഗ്ദാനം ചെയ്യപ്പെട്ട നാമമാണ് യേശുനാമം. നാം ഒരു പ്രവർത്തിചെയ്യുമ്പോൾ അത് അനുഗ്രഹപ്രദമായി മാറണമെങ്കിൽ അതു യേശുനാമത്തിൽ ചെയ്യണം. "നിങ്ങൾ വാക്കാലോ പ്രവർത്തിയാലോ എന്തു ചെയ്താലും അതെല്ലാം കർത്താവായ യേശുവഴി പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ട് അവന്റെ നാമത്തിൽ ചെയ്യുവിൻ" (കൊളോ 3:17).

k, മരണനേരത്ത് ഉരുവിടാവുന്ന അനുഗ്രഹനാമമാണ് യേശുനാമം. അനേകം കൃസ്ത്യാനികൾ മരണനേരത്ത് തുണയും സങ്കേതവും കണ്ടെത്തിയ നാമമാണിത്. അനുഗ്രഹീതനായ വി. ജോവാൻ ഓഫ് ആർക്ക് മരിക്കുമ്പോൾ യേശുവെന്ന നാമം ഉരുവിട്ടുകൊണ്ടാണ് മരിച്ചത്. വി. മാർഗ്ഗരറ്റ് മേരി അലക്കോക്ക് മരിക്കുമ്പോൾ യേശു എന്ന നാമം മാത്രമായിരുന്നു അധരത്തിലുണ്ടായിരുന്നത്.

ദൈവത്തിന്റെ ഏകപുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിലുള്ള വിശ്വാസം, യേശുവിന്റെ നാമത്തിലുള്ള വിശ്വാസമാണ്. യേശുവെന്ന വ്യക്തിയും, യേശു എന്ന നാമവും രണ്ടല്ല. ഒന്നാണ് യേശു എന്ന നാമം വിശ്വാസത്തോടെ ഉപയോഗിക്കുന്നിടത്ത് യേശു എന്ന വ്യക്തിയുടെ സാന്നിദ്ധ്യം ഉണ്ട്. ആദിമസഭാസമൂഹം ഒരുമിച്ചു കൂടിയിരുന്നപ്പോഴെല്ലാം യേശുവിന്റെ നാമത്തിൽ വൻ കാര്യങ്ങൾ സംഭവിക്കുന്നതിനുവേണ്ടി അവർ പ്രാർത്ഥിക്കുമായിരുന്നു. "അവിടുത്തെ പരിശുദ്ധദാസനായ യേശുവിന്റെ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നതിനായി അവിടുത്തെ കൈകൾ നീട്ടണമേ. അവിടുത്തെ വചനം പൂർണ ധൈര്യത്തോടെ പ്രസംഗിക്കാൻ ഈ ദാസരെ അനുഗ്രഹിക്കണമേ. പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർ സമ്മേളിച്ചിരുന്ന സ്ഥലം കുലുങ്ങി. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി. ദൈവവചനം ധൈര്യപൂർവ്വം പ്രസംഗിച്ചു" (അപ്പ 4:30-31). നമ്മുടെ പ്രാർത്ഥനകളും പ്രവർത്തികളുമെല്ലാം യേശുനാമത്തിൽ ചെയ്യണം. തിരുസഭ പ്രാർത്ഥനകൾ അർപ്പിക്കുമ്പോൾ യേശു നാമത്തിലാണ് അർപ്പിക്കുന്നത്.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Mar-13 | FRI | Rev. Fr. Arisseriyil Thomas |
| 2-Mar-13 | SAT | Rev. Fr. Chakkalakal Joshy |
| 4-Mar-13 | MON | Rev. Fr. Chakkumpeedika Davis |
| 5-Mar-13 | TUE | Rev. Fr. Chalakkal Jeejo |
| 6-Mar-13 | WED | Rev. Fr. Cheniyara Jose |
| 7-Mar-13 | THU | Rev. Fr. Cheekkapara Joy |
| 8-Mar-13 | FRI | Rev. Msgr. Chittilapilly Joseph |
| 9-Mar-13 | SAT | Rev. Fr. Chittilapally Jose P. |
| 11-Mar-13 | MON | Rev. Fr. Chothirakottu Peter |
| 12-Mar-13 | TUE | Rev. Fr. Edathala George |
| 13-Mar-13 | WED | Rev. Fr. Emmatty Lino |
| 14-Mar-13 | THU | Rev. Fr. Ettonnil Gilbert |
| 15-Mar-13 | FRI | Rev. Fr. Ettumanookaran Martin |
| 16-Mar-13 | SAT | Rev. Fr. Kachapilly Joby |
| 18-Mar-13 | MON | Rev. Fr. Kaitharath Antony |
| 19-Mar-13 | TUE | Rev. Fr. Kalampadan Martin |
| 20-Mar-13 | WED | Rev. Fr. Kalan Dhanesh |
| 21-Mar-13 | THU | Rev. Fr. Kalapurakkal Joseph |
| 22-Mar-13 | FRI | Rev. Fr. Kalarickal Shinoj |
| 23-Mar-13 | SAT | Rev. Fr. Kallingal Joseph |
| 25-Mar-13 | MON | Rev. Fr. Kanjirathinkal Renny |
| 26-Mar-13 | TUE | Rev. Fr. Kannampadathil Johnson |
| 27-Mar-13 | WED | Rev. Fr. Kannampuzha Jose |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

**I to IX ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ**

I മുതൽ IX വരെ ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 24 ഞായറാഴ്ചയാണ്.

ജനറൽ ക്വിസ് പഠനഭാഗം

| | |
|---|---|
| ക്ലാസ്സ് V - VII | - പേജ് 184-215 |
| ക്ലാസ്സ് VIII - X | - പേജ് 100-132 |
| ക്ലാസ്സ് XI-XII | - പേജ് 134-149 |

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കൊളാസ്റ്റിക് ടെസ്റ്റ് 2013 മാർച്ച് 3-ാം തീയതി ഞായറാഴ്ച 10 am മുതൽ 12.30 pm വരെ അതാതു യൂണിറ്റുകളിൽ വച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**പഠനഭാഗം**

| | |
|---|---|
| ജനറൽ ക്വിസ് (പേജ് 100-143) | 50 മാർക്ക് |
| മക്കൾ മാലാഖമാർ | 15 മാർക്ക് |
| യേശുനാമം ഏകരക്ഷാ നാമം | 25 മാർക്ക് |
| പൊതുവിജ്ഞാനം | 10 മാർക്ക് |
| ആകെ | - 100 മാർക്ക് |

**റെഗുലർ സ്കൂൾ അർദ്ധവാർഷിക പരീക്ഷ**

I to IX ക്ലാസ്സുകാർക്ക് വാർഷികപരീക്ഷ 2013 ഫെബ്രുവരി 8 വെള്ളിയാഴ്ച നടത്തപ്പെടുന്നതാണ്.

**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസ പരിശീലനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നല്കുക എന്ന ലക്ഷ്യത്തോടെ കയറാടി, മേരിലാൻഡ് ചിറ്റടി, മരിയനഗർ ചിറ്റടി എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**സൺഡേ സ്കൂൾ കേന്ദ്രീകൃത മൂല്യനിർണ്ണയം**

X, II HDC ക്ലാസ്സുകളിലെ ഉത്തരകടലാസുകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം ഫെബ്രുവരി 10-ാം തിയതി ഞായറാഴ്ച രാവിലെ 9.30 മണി മുതൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. 10-ാം ക്ലാസ്സിലും II HDC ക്ലാസ്സിലും പഠിപ്പിക്കുന്ന എല്ലാ മതാദ്ധ്യാപകരും സന്നിഹിതരാകേണ്ടതാണ്. മൂല്യനിർണ്ണയത്തിന് വരുന്നവർക്ക് വേണ്ടി വിശുദ്ധ കുർബാന





പാസ്റ്ററൽ സെന്ററിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.

NB: പഠിപ്പിക്കുന്ന പുസ്തങ്ങളും കൂടെ കൊണ്ടുവരേണ്ടതാണ്.

**റീ. എക്സാമിനേഷൻ**

II,HDC ക്ലാസ്സുകളിലെ പരീക്ഷാ എഴുതാത്തവർക്കും തോറ്റവർക്കുമായി ഉള്ള റീ എക്സാമിനേഷൻ **ഏപ്രിൽ 7-ാം തിയ്യതി ഞായറാഴ്ച** അതാതു സെന്ററുകളിൽ വെച്ച് നടക്കുന്നതായിരിക്കും. ഏപ്രിൽ 8-ാം തിയ്യതി തിങ്കളാഴ്ച തന്നെ ഉത്തരകടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. II HDC ക്ലാസിലെ റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ മാർച്ച് 4-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷ**

IV,VII,X സൺഡേസ്കൂൾ ക്ലാസുകളിൽ നിന്ന് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം മാർച്ച് 10-ാതിയ്യതി ഞായറാണ്. സ്കോളർഷിപ്പ് പരീക്ഷാ ഏപ്രിൽ 13-ാം തിയ്യതി ശനിയാഴ്ചയാണ്.

**ക്ലാസ്സ് VII, X പഠനഭാഗം : പാഠപുസ്തകം - 65 മാർക്ക്, ബൈബിൾ - 25 മാർക്ക് (പുറപ്പാട് 25-40, മർക്കോസ് 1-16 അദ്ധ്യായങ്ങൾ), പൊതുവിജ്ഞാനം - 10 മാർക്ക്.**

**ക്ലാസ്സ് IV പഠനഭാഗം : പാഠപുസ്തകം, നമസ്ക്കാരം - 65 മാർക്ക്, പാഠപുസ്തകത്തിലെ ബൈബിൾ ഭാഗം - 25 മാർക്ക്, സഭാസംബന്ധമായ പൊതുവിജ്ഞാനം - 10 മാർക്ക്**

ഉത്തരക്കടലാസുകൾ ഏപ്രിൽ 15 ന് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**കയ്യെഴുത്ത് മാസിക വിജയികൾ**

കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന സർഗ്ഗശക്തിയെ കണ്ടെത്താനും വളർത്തുവാനുമായി രൂപതാതലത്തിൽ സംഘടിപ്പിച്ച കൈയ്യെഴുത്ത് മാസിക മത്സരം വൻവിജയമായിരുന്നു. ഇതിനുവേണ്ടി അധ്വാനിച്ച ബഹു. വൈദികർക്കും പ്രധാനാധ്യാപകർക്കും അധ്യാപകർക്കും കുട്ടികൾക്കും ഒത്തിരി നന്ദി. വിജയികളുടെ പേരു വിവരം താഴെ കൊടുക്കുന്നു.

**രൂപതാതലവിജയികൾ**

I പാലക്കുഴി സൺഡേസ്കൂൾ

II കടമ്പൂർ സൺഡേസ്കൂൾ

III മണ്ണാർക്കാട് ഫൊറോന സൺഡേ സ്കൂൾ

**ഫൊറോന മത്സരവിജയികൾ**

കാഞ്ഞിരപ്പുഴ ഫൊറോന

ഇരുമ്പകച്ചോല സൺഡേസ്കൂൾ

മംഗലംഡാം ഫൊറോന
മംഗലംഡാം സൺഡേ സ്കൂൾ
മേലാർക്കോട് ഫൊറോന.
പോത്തുണ്ടി സൺഡേ സ്കൂൾ
ഒലവക്കോട് ഫൊറോന
സെന്റ് ജൂഡ് മലമ്പുഴ സൺഡേസ്കൂൾ
പാലക്കാട് ഫൊറോന
കത്തീഡ്രൽ ഫൊറോന സൺഡേ സ്കൂൾ
പൊന്നംകോട് ഫൊറോന
ചുള്ളിയാംകുളം സൺഡേസ്കൂൾ
താവളം ഫൊറോന
കാരറ സൺഡേസ്കൂൾ

**വിഷൻക്യാമ്പ്**

പത്താം ക്ലാസ്സിൽ ഈ വർഷം പരീക്ഷ എഴുതിയ കുട്ടികൾക്കായി **പാസ്റ്ററൽ സെന്ററിൽ** വച്ച് രണ്ട് ദിവസത്തെ ജീവിതദർശന ക്യാമ്പ് മത ബോധനകേന്ദ്രം സംഘടിപ്പിക്കുന്നു. പത്താം ക്ലാസ്സിൽ പരീക്ഷ എഴുതിയ എല്ലാ കുട്ടികളെയും ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും മതാദ്ധ്യാപകരും പരിശ്രമിക്കുമല്ലോ.

ക്യാമ്പുകൾ നടക്കുന്ന തിയ്യതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| **ഏപ്രിൽ 1 – 2** | വടക്കഞ്ചേരി ഫൊറോന |
| **ഏപ്രിൽ 4 – 5** | മണ്ണാർക്കാട്, മേലാർക്കോട് ഫൊറോനകൾ |
| **ഏപ്രിൽ 8 – 9** | കാഞ്ഞിരപ്പുഴ ഫൊറോന |
| **ഏപ്രിൽ 10 – 11** | പൊന്നംകോട് ഫൊറോന |
| **ഏപ്രിൽ 12 – 13** | താവളം ഫൊറോന (സ്ഥലം: താവളം പാരിഷ് ഹാൾ) |
| **ഏപ്രിൽ 15 – 16** | മംഗലംഡാം ഫൊറോന |
| **ഏപ്രിൽ 18 – 19** | പാലക്കാട് ഫൊറോന |
| **ഏപ്രിൽ 22 – 23** | തത്തമംഗലം, ഒറ്റപ്പാലം ഫൊറോനകൾ |
| **ഏപ്രിൽ 25 – 26** | ഒലവക്കോട് ഫൊറോന |

ആദ്യദിവസം രാവിലെ 9.30ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് 4.00 മണിക്ക് ക്യാമ്പ് അവസാനിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന ഒരാൾക്ക് 125 രൂപയാണ് രജി. ഫീസ്.

**പ്രധാനാധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്തസമ്മേളനം**

സൺഡേ സ്കൂൾ പ്രധാന അധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്തസമ്മേളനം 2013 ജനുവരി 26–ാം തിയ്യതി രാവിലെ 10 മുതൽ 1 മണിവരെ പാസ്റ്ററൽ സെന്ററിൽ നടന്നു. ലോഗോസ് അവാർഡ് ഡേയോടനുബന്ധിച്ച് നടന്ന മീറ്റിംഗിൽ അഭിവന്ദ്യ പിതാവ് പ്രധാന അധ്യാപകരെയും സെക്രട്ടറിമാരെയും അഭിസംബോധന ചെയ്ത് സംസാരിച്ചു. ലോഗോസ് ക്വിസ് മത്സരം, അധ്യാപകരുടെ ക്വിസ് മത്സരം, അൾത്താരസംഘം





ക്വിസ്മത്സരം, കൈയ്യെഴുത്ത് മാസിക തുടങ്ങിയവയുടെ സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. മതബോധന ഡയറക്ടർ ഫാ. ജോമിസ് കൊടകശ്ശേരിൽ, അസി. ഡയറക്ടർ ഫാ. ജോമി തേക്കുംകാട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു. മീറ്റിംഗിനുശേഷം ഡയറക്ടറച്ചൻ പ്രധാന അധ്യാപകരെയും സെക്രട്ടറിമാരെയും കണ്ട് സംസാരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഏകദേശം 350 പേരോളം പങ്കെടുത്തു.

**ഫോറോന കൗൺസിൽ സ്ഥലവും തിയ്യതിയും**

പുതിയ വിശ്വാസ പരിശീലന അദ്ധ്യായന വർഷത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് ഒരുക്കങ്ങൾ നടത്താനും 2013 ഏപ്രിൽ 23 ന് മൂന്നു വർഷത്തെ കാലാവധി പൂർത്തിയാക്കുന്ന ഇപ്പോഴത്തെ ഫൊറോന രൂപതാ കൗൺസിൽ അംഗങ്ങളുടെ കാലാവധി തീരുന്നതിലേക്കുള്ള ഒഴിവിലേക്ക് പുതിയ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനായി ഫൊറോനാതലത്തിൽ കൗൺസിലുകൾ നടത്തപ്പെടുന്നു. ഓരോ ഇടവകയിൽ നിന്നും വികാരി, HM, Secretary എന്നിവരാണ് ഫൊറോന കൗൺസിലിൽ സംബന്ധിക്കേണ്ടത്. കൗൺസിലുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മാർച്ച് 02 ശനി | മേലാർകോട് ഫൊറോന (2.30 pm to 4.00 pm, ചിറ്റിലഞ്ചേരി പള്ളി) |
| മാർച്ച് 09 ശനി | പാലക്കാട് ഫൊറോന (10.00 am to 12.00 pm, പാസ്റ്ററൽ സെന്റർ) |
| | തത്തമംഗലം ഫൊറോന (2.30 pm to 4.00 pm, ഫൊറോന പള്ളി) |
| മാർച്ച് 16 ശനി | താവളം ഫൊറോന (2.30 am to 4.00 pm, ഫൊറോന പള്ളി) |
| മാർച്ച് 23 ശനി | ഒറ്റപ്പാലം ഫൊറോന (2.30 am to 4.00 pm, ഫൊറോന പള്ളി) |
| ഏപ്രിൽ 6 ശനി | ഒലവക്കോട് ഫൊറോന (10.00 am to 12.00 pm, ഫൊറോന പള്ളി) |
| | പൊന്നംകോട് ഫൊറോന (2.30 pm to 4.00 pm, ഫൊറോനപള്ളി) |
| ഏപ്രിൽ 13 ശനി | മണ്ണാർക്കാട് ഫൊറോന (10.00 am to 12.00 pm, ഫൊറോന പള്ളി) |
| | കാഞ്ഞിരപ്പുഴ ഫൊറോന (2.30 pm to 4.00 pm, ഫൊറോന പള്ളി) |
| ഏപ്രിൽ 20 ശനി | മംഗലംഡാം ഫൊറോന (10.00 am to 12.00 pm, ഫൊറോന പള്ളി) |
| | വടക്കഞ്ചേരി ഫൊറോന (2.30 pm to 4.00 pm, ഫൊറോന പള്ളി) |

**സ്കൂൾ കാറ്റിക്കിസം സന്മാർഗശാസ്ത്രം സ്കോളർഷിപ്പ്**

IV, VII, X, XII ക്ലാസുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള( കുറഞ്ഞത് 70% മാർക്ക്) മൂന്ന് കുട്ടികൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 4-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് പരീക്ഷാ ഏപ്രിൽ 1-ാം തിയ്യതി തിങ്കളാഴ്ച 10.00 മണി മുതൽ 12.00 മണി വരെ മേഖല സെന്ററുകളിൽ വെച്ച് നടത്തപ്പെടുന്നു.

**റെഗുലർ സ്കൂൾ പ്രവർത്തന റിപ്പോർട്ട്**

വിശ്വാസരൂപീകരണ കർമ്മപദ്ധതി അദ്ധ്യായന വർഷത്തിൽ പ്രാവർത്തിക മാക്കിയതിന്റെ റിപ്പോർട്ട് മാർച്ച് 31 തിയ്യതി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സ്റ്റാർസ്**

പാലക്കാട് രൂപതയുടെ വിദ്യാഭ്യാസ സംരംഭമായ Sanjoe Training Academy for Resourceful Students (STARS) ലേക്കുള്ള തിരഞ്ഞെടുപ്പ് പൂർത്തിയായി. ഈ വർഷത്തെ സ്റ്റാർസിലേക്കുള്ള പ്രവേശനം അവസാനിച്ചിരിക്കുന്നു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി




## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് അവാർഡ് ഡേ**

ജനുവരി 26-ാം തിയ്യതി ലോഗോസ് അവാർഡ് ഡേ ആയി ആഘോഷിച്ചു. രാവിലെ 10 മണിക്ക് നടന്ന മീറ്റിംഗിൽ വച്ച് ലോഗോസ് 2012 ലെ വിജയികൾക്കുള്ള സമ്മാനദാനം അഭിവന്ദ്യ പിതാവ് നിർവഹിച്ചു. രൂപതാ തലത്തിൽ 1 മുതൽ 5 വരെ റാങ്കുകൾ ലഭിച്ചവർക്കും സൺഡേസ്കൂൾ തലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസിലെയും 1,2,3 സ്ഥാനക്കാർക്കും സമ്മാനങ്ങൾ നൽകി. കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചവർക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചവർക്കും100% പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കും ഉള്ള ട്രോഫികൾ വിതരണം ചെയ്തു. A വിഭാഗത്തിൽ 60% ത്തിൽ കൂടുതൽ ലഭിച്ചവർക്കും B, C, D, E വിഭാഗങ്ങളിൽ 70%ത്തിൽ കൂടുതൽ ലഭിച്ചവർക്കുമുള്ള സർട്ടിഫിക്കറ്റുകളും നൽകി.

**ലോഗോസ് ക്വിസ് 2013**

വരുന്ന വർഷത്തെ രൂപതാതല ലോഗോസ് ക്വിസ് സെപ്തംബർ 29-നും സംസ്ഥാനതല ലോഗോസ് ക്വിസ് നവംബർ 30-നും ആയിരിക്കും.





**പഠനഭാഗം**

ലേവ്യർ 1-14, ലൂക്കാ 1-12, യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം

**അഭിനന്ദനങ്ങൾ**

വിശ്വാസവർഷ ബൈബിൾ കലോത്സവത്തിൽ ഏകാങ്ക രചനാമത്സരത്തിൽ സംസ്ഥാനതലത്തിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കിയ പൊന്നംകോട് ഇടവകാംഗമായ സജിക്ക് അഭിനന്ദനങ്ങൾ.

**റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ ബൈബിൾ അപ്പസ്റ്റോലേറ്റ്

## ABA അൾത്താരസംഘം

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ്**

അൾത്താരസംഘം ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ് 2013 ഫെബ്രുവരി 9-ാം തിയ്യതി രണ്ടാം ശനിയാഴ്ച നടത്തപ്പെടുന്നു. പ്രസ്തുത മീറ്റിംഗിലേക്ക് എല്ലാ ഭാരവാഹികളേയും ആനിമേറ്റേഴ്സിനേയും ക്ഷണിക്കുന്നു. കൂടുതൽ സൗകര്യപ്രദമെന്ന് കാണുകയാൽ, ഇനിമുതൽ എല്ലാവർഷവും പുതിയ പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി മാസം രണ്ടാം ശനിയാഴ്ചയായിരിക്കും.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ അൾത്താരസംഘം



## തിരുബാലസഖ്യം

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ്**

തിരുബാലസഖ്യം ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ് 2013 ഫെബ്രുവരി 9-ാം തിയ്യതി രണ്ടാം ശനിയാഴ്ച നടത്തപ്പെടുന്നു. പ്രസ്തുത മീറ്റിംഗിലേക്ക് എല്ലാ ഭാരവാഹികളേയും ആനിമേറ്റേഴ്സിനേയും ക്ഷണിക്കുന്നു. കൂടുതൽ സൗകര്യപ്രദമെന്ന് കാണുകയാൽ, ഇനിമുതൽ എല്ലാവർഷവും പുതിയ പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി മാസം രണ്ടാം ശനിയാഴ്ചയായിരിക്കും.

**തിരുബാലസഖ്യദിനം - ഫെബ്രുവരി 10 ഞായർ**

തിരുബാലസഖ്യദിനം എല്ലാവർഷവും ഫെബ്രുവരി മാസം രണ്ടാമത്തെ ഞായറാഴ്ചയാണ് ആചരിക്കുന്നത്. അന്നേ ദിവസം കുഞ്ഞുങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാനും അവർക്ക് ആശംസകൾ നേരാനും നമുക്ക് ഉപ

യോഗിക്കാം. വി. കുർബാന കുഞ്ഞുങ്ങൾക്കുവേണ്ടി അർപ്പിക്കുകയും സൺഡേ സ്കൂൾ കേന്ദ്രീകരിച്ച് കലാപരിപാടികൾ നടത്തുകയും ചെയ്യുന്നത് ഉചിതമാണ്. ഇതിനോടനുബന്ധിച്ചുള്ള പോസ്റ്ററുകൾ രൂപതാകേന്ദ്രത്തിൽ ലഭ്യമാണ്. അന്നേ ദിവസം മനോഹരമാക്കുവാൻ ബഹു. ആനിമേറ്റേഴ്സും അച്ചന്മാരും ശ്രദ്ധിക്കുമല്ലോ. എല്ലാ കുഞ്ഞുങ്ങൾക്കും തിരുബാലസഖ്യദിനത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

**തിരുബാലസഖ്യം കളക്ഷൻ**

കുഞ്ഞുക്കൾക്കായുള്ള നമ്മുടെ സംഘടനയുടെ പ്രധാന ലക്ഷ്യം കുഞ്ഞുങ്ങളെ സഹായിക്കലാണ്. കുഞ്ഞുങ്ങൾ സമാഹരിക്കുന്ന ഓരോ ചില്ലിക്കാശും സമാഹരിച്ച് തിരുബാലസഖ്യത്തിന്റെ രക്ഷാധികാരിയായ മാർപാപ്പയ്ക്ക് എല്ലാവർഷവും അയച്ച് കൊടുക്കേണ്ടതാണ്. അതിനാൽ ഈ വർഷം ഇടവകകളിൽ നിന്നും തിരുബാലസഖ്യത്തിനായി നല്കുന്ന തുക മാർച്ച് മാസത്തിന് മുമ്പായി രൂപതാ കേന്ദ്രത്തിൽ ഏല്പിക്കുമവാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ തിരുബാലസഖ്യം

## ചെറുപുഷ്പ മിഷൻ ലീഗ്

ദൈവത്തിനുസ്തുതി

പ്രിയ കുഞ്ഞുമിഷനറിമാരെ,

വിശ്വാസത്തിലും തീക്ഷണതയിലും പുണ്യങ്ങളിലും കൂടുതൽ വളരാൻ വേണ്ടി ഒരു അവസരം കൂടെ ദൈവം നമുക്കു തന്നിരിക്കുന്നു. ഉത്ഥാനത്തിന്റെ മഹത്വത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ഒരുക്കത്തിന്റെ നോമ്പുകാലം, കുഞ്ഞുമിഷനറിമാർക്ക് ഇത് ഒരു പരീക്ഷാ കാലഘട്ടം കൂടി ആണല്ലോ.

താഴെ കൊടുക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ

* കുഞ്ഞുമിഷനറിമാരെല്ലാവരും ഒരുമിച്ചു കൂടി പരീക്ഷയ്ക്ക് ഒരുങ്ങുന്നവർക്കായി പ്രാർത്ഥിക്കുകയും, വിജയാശംസകൾ നേരുകയും ചെയ്യുക.

* നോമ്പുകാലത്തിൽ പുതിയ കാരുണ്യ പ്രവർത്തികൾക്ക് തുടക്കം കുറിക്കുക. കൂടാതെ പിടിയരിശേഖരണം നോമ്പുകാല സംഭാവന, വസ്ത്രശേഖരണം എന്നിവ നടത്തുകയും അനാഥാലയങ്ങൾ സന്ദർശിക്കുകയും ചെയ്യുക.

* തിരുസഭയുടെ വിശ്വാസപ്രഘോഷണത്തിനു ശക്തിപകരാൻ കുഞ്ഞുമിഷനറിമാർ നോമ്പുകാലത്ത് നിയോഗം വച്ച് പ്രാർത്ഥിക്കുക.





**സുകൃതജപം :** "പരിശുദ്ധാത്മാവേ, സഹായകാ, എന്റെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും ജ്ഞാനം പകരുകയും ചെയ്യണമെ"

നല്ല വിജയത്തിനായി പ്രാർത്ഥനാശംസകൾ നേരുന്നു.

**ഫാ. നിലേഷ് തുരുത്തുവേലിൽ**
ഡയറക്ടർ, സി.എൽ.സി.

## സി. എൽ. സി

| | |
|---|---|
| 9 ശനി | : രൂപതാ എക്സിക്യൂട്ടീവ് യോഗം |
| പ്രാർത്ഥന | : സഭയിൽ ദൈവവിളി ധാരാളമായി ഉണ്ടാകുന്നതിനായി പ്രാർത്ഥിക്കുക |
| പഠനം | : പരി. അമ്മയുടെ വചനാധിഷ്ഠിത ജീവിതം |
| പ്രവർത്തനം | : പരി. അമ്മയുടെ പുണ്യങ്ങളേവയെന്ന് കണ്ടെത്തി ലിസ്റ്റ് ചെയ്യുക. |

**ഫാ. മാർട്ടിൻ കളമ്പാടൻ**
ഡയറക്ടർ, സി.എൽ.സി.

## കെ. സി. വൈ. എം

**യൂണിറ്റ്**

ഇനിയും ചില യൂണിറ്റുകൾ 2013 പ്രവർത്തന വർഷത്തിലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തിയിട്ടില്ല എന്നു കാണുന്നു. ഫെബ്രുവരി 12 നു മുമ്പ് തിരഞ്ഞെടുപ്പു നടത്തി ഭാരവാഹികളുടെ പേരു വിവരം രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ഫൊറോന ഇലക്ഷൻ**

യൂണിറ്റുകളിലെ തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ കൂടി ഫൊറോന സെനറ്റ് നടത്തി, വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ച്, പാസ്സാക്കി തിരഞ്ഞെടുപ്പു നടത്തി ലിസ്റ്റ് രൂപതയിൽ എത്തിക്കണം. ഒപ്പം രൂപതാഭാരവാഹികളാകാൻ യോഗ്യതയുള്ളവരെ ഉൾപ്പെടുത്തിയുള്ള പാനൽ ലിസ്റ്റും നൽകേണ്ടതാണ്.

**രൂപതാ സെനറ്റ്**

ഫെബ്രു. 23/24 അവധിദിനത്തിൽ വന്ന മാറ്റം മൂലം മാറ്റിവെക്കപ്പെട്ട രൂപതാ സെനറ്റ് പാസ്റ്ററൽ സെന്ററിൽ വെച്ച് **ഫെബ്രുവരി 23ന് വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 24 ഞായറാഴ്ച 3 മണിക്കവസാനിക്കുന്നു.**

സെനറ്റുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ നേരത്തെ അയച്ച സർക്കുലറിലേതു തന്നെയാണ്.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.



## മാതൃസംഘം

**ദൈവത്തിന്റെ ഏകപുത്രനം നമ്മുടെ കർത്താവുമായ ഈശോമിശിഹായിലുള്ള വിശ്വാസം**

മാതൃസംഘം നേതൃത്വത്തിൽ ഏകസ്ഥരുടെയും വിധവകളുടെയും ഫൊറോനസംഗമം.

**മാതൃസംഘം ഫൊറോന സെമിനാർ**

2013 ഫെബ്രുവരിയിൽ മേലാർകോട് ഫൊറോനയിൽ വെച്ച് നടക്കുന്നതാണ്.

**പഠനം :** എല്ലാം നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി. രക്ഷാകര ചരിത്രത്തെ നയിച്ച ധീരവനിതകൾ.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം



## പിതൃസംഘം

ഇന്നത്തെ മാറിയ സാഹചര്യത്തിൽ കുട്ടികളുടെ രൂപീകരണത്തിനും കുടുംബങ്ങളുടെ ഭദ്രതയ്ക്കും പിതാക്കന്മാർക്ക് വലിയ പങ്കുണ്ട്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അപകടമായ ഉപയോഗത്തിൽ ഇന്നു കുഞ്ഞുങ്ങൾ വഴിതെറ്റിപോകുന്നു, കുടംബങ്ങൾ തകരുന്നു. അമ്മമാരെ കാലത്തിനനുസരിച്ച് ബോധവത്ക്കരിക്കാൻ നമുക്ക് 'മാതൃസംഘം' ഉണ്ട്. എന്നാൽ കുടുംബത്തെ 'കുടുംബം' ആക്കിമാറ്റുന്നതിൽ അമ്മയ്ക്കും അച്ഛനും തുല്യപങ്കാണുള്ളത്. അതുകൊണ്ട് പിതാക്കന്മാരുടെ ഒരു സംഘടന അനിവാര്യമാണ്. ഈ വിശ്വാസവർഷത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും പിതൃസംഘത്തിന്റെ ഒരു യൂണിറ്റ് ആരംഭിക്കുന്നത് വികാരിയച്ചന്മാരുടെ അജപാലന രംഗത്തെയും സഹായിക്കും. ഇവർക്ക് ആവശ്യമായ ക്ലാസുകളെടുക്കാൻ ഡയറക്ടറുമായി ബന്ധപ്പെടുക.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, പിതൃസംഘം





## ഫാമിലി അപ്പോസ്തലേറ്റ്

### പ്രീകാന കോഴ്സ്

**2013 ഫെബ്രുവരി 4, 5, 6, 7** തിയ്യതികളിൽ **2013 മാർച്ച് 4, 5, 6, 7** തിയ്യതികളിൽ, മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.

കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## കുടുംബകൂട്ടായ്മ

**'വിശ്വാസകൂട്ടായ്മ-2013'**

വിശ്വാസവർഷത്തിന്റെ ഭാഗമായി നമ്മുടെ രൂപതയിലെ എല്ലാ കുടുംബയൂണിറ്റുഭാരവാഹികളും ഏപ്രിൽ 6-ാം തിയതി ശനിയാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ ഒന്നിച്ചുകൂടുന്നു. രണ്ടായിരത്തിലധികം വരുന്ന അല്മായ പ്രതിനിധികളുടെ ഈ സംഗമം വൻ വിജയമാക്കിതീർക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രമിക്കുമല്ലോ. അതിനൊരുക്കമായി താഴെ പറയുന്ന തിയതികളിൽ അതത് ഫോറോന കേന്ദ്രങ്ങളിൽവെച്ച് ഫൊറോന എക്സിക്യൂട്ടീവ് സമ്മേളിക്കുന്നു.

| **തിയ്യതി** | **സമയം** | **സ്ഥലം** |
|---|---|---|
| ഫെബ്രുവരി 16 (ശനി) | 10-12 | ഒറ്റപ്പാലം |
| | 3-5 | ഒലവക്കോട് |
| ഫെബ്രുവരി 23 (ശനി) | 10-12 | പൊന്നംകോട് |
| | 3-5 | കാഞ്ഞിരപ്പുഴ |
| മാർച്ച് 2 (ശനി) | 10-12 | അട്ടപ്പാടി |
| മാർച്ച് 9 (ശനി) | 10-12 | വടക്കഞ്ചേരി |
| | 3-5 | മംഗലംഡാം |
| മാർച്ച് 16 (ശനി) | 10-12 | തത്തമംഗലം |
| | 3-5 | മേലാർകോട് |
| മാർച്ച് 23 (ശനി) | 10-12 | മണ്ണാർക്കാട് |
| | 3-5 | കത്തീഡ്രൽ |

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, കുടുംബക്കൂട്ടായ്മ



# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ഫെബ്രുവരി | 03-08 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ഫെബ്രുവരി | 10-15 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഫെബ്രുവരി | 17-22 | സിസ്റ്റേഴ്സിന്റെ ധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഫെബ്രുവരി | 24- മാർച്ച് -01 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 – 327710

**സെഹിയോൻ കൺവെൻഷൻസ്**

ഫെബ്രുവരി 16 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്





# പി. എസ്. എസ്. പി.

**ജില്ലാ ഹെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ് ഹെഡ് മീറ്റിംഗ് 6-2-2013 ബുധനാഴ്ച കാലത്ത് 11 മണിക്ക് പാസ്റ്ററൽ സെന്ററിൽവെച്ചുകൂടുന്നു.

**ബ്ലോക്ക് ഹെഡ് മീറ്റിംഗ്**

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 07.02.2013 | വ്യാഴം | ആലത്തൂർ | വടക്കഞ്ചേരി | 11am |
| 08.02.2013 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2pm |
| 11.02.2013 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പാരിഷ്ഹാൾ, കൊടുന്തിരപ്പുള്ളി | 11am |
| 13.02.2013 | ബുധൻ | മണ്ണാർക്കാട് | തെങ്കര സമാജം | 11am |
| 14.02.2013 | വ്യാഴം | ശ്രീകൃഷ്ണപുരം | കടമ്പൂർ, പാരീഷ്ഹാൾ | 11am |
| 18.02.2013 | തിങ്കൾ | അട്ടപ്പാടി | റീജിയണൽ ഓഫീസ്, ഗൂളിക്കടവ് | 11am |
| 20.02.2013 | ബുധൻ | നെന്മാറ | പാരീഷ് ഹാൾ, നെന്മാറ | 11am |
| 27.02.2013 | ബുധൻ | ആലത്തൂർ | FCCവടക്കഞ്ചേരി | 11am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയ്യതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 18.02.2013 | തിങ്കൾ | അട്ടപ്പാടി, റീജിയണൽ ഓഫീസ് | 11am to 2pm |
| 19.02.2013 | ചൊവ്വ | സാൻജോ ടവർ, പാലക്കാട് | 10am to 2pm |
| 20.02.2013 | ബുധൻ | നെന്മാറ, പാരീഷ് ഹാൾ | 11am to 2pm |
| 21.02.2013 | വ്യാഴം | കരിമ്പ, പാരീഷ് ഹാൾ | 11am to 2pm |
| 27.02.2013 | ബുധൻ | വടക്കഞ്ചേരി | 11am to 2pm |

**നബാർഡ് വിമൻസ് സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്**

നിലവിൽ കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത വനിതകളെ ഉൾപ്പെടുത്തി

ക്കൊണ്ട് നബാർഡിന്റെ നേതൃത്വത്തിൽ പുതിയ വനിതാ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ (അയൽക്കൂട്ടങ്ങൾ) താഴെ പറയുന്ന ബ്ലോക്കുകളിൽ ആരംഭിക്കുവാൻ പി.എസ്.എസ്.പി.യെ ചുമതലപ്പെടുത്തിയിരിക്കുന്നു. (ആലത്തൂർ, കുഴൽമന്ദം, തൃത്താല, പാലക്കാട്ട്, മണ്ണാർക്കാട്, അട്ടപ്പാടി, പാലക്കാട് മുൻസിപ്പാലിറ്റി) ബാങ്ക് വായ്പകൾ, സർക്കാരിന്റെ പുതിയ പദ്ധതികൾ എന്നിവ ലഭിക്കുവാൻ ഇതു സഹായകമാകും. താല്പ്പര്യമുള്ള വ്യക്തികൾ, ഗ്രൂപ്പുകൾ, ഇടവകൾ എന്നിവർക്ക് പി.എസ്.എസ്.പി.യുമായി ബന്ധപ്പെട്ടാൽ വേണ്ട സഹായങ്ങൾ ചെയ്തുതരുന്നതാണ്.

**ഫോൺ :** 0491 2527784, 0491 2520395 (ഓഫീസ്)

ഫാ. ജേക്കബ് മാവുങ്കൽ : 9447020395, ലാലപ്പൻ : 9947852087,

ബിനോയി : 9947859502, ജോർജ്ജ് സേവ്യർ : 9446791818,

ജോയി അറയ്ക്കൽ : 9446639672

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**മൈനോരിറ്റി ഗ്രൂപ്പുകൾ**

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹായത്തോടെ പാലക്കാട് ജില്ലയിൽ ക്രിസ്ത്യൻ, മുസ്ലീം, ഒ.ബി.സി. എന്നിവരെ (80%) ഉൾപ്പെടുത്തിക്കൊണ്ട് അയൽക്കൂട്ടങ്ങൾ (ഗ്രൂപ്പുകൾ) പി.എസ്.എസ്.പി. രൂപീകരിക്കുന്നു. കുറഞ്ഞ പലിശക്ക് വായ്പയും മറ്റു ചില ആനുകൂല്യങ്ങളും ലഭിക്കും. താല്പര്യമുള്ളവർ പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**2012 ഡിസംബർ**

30 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

31 – ജെല്ലിപ്പാറ സെന്റ് പീറ്റേഴ്സ് ദൈവാലയത്തിൽ ഡീക്കൻ ദേവസ്യാ കളരിക്കലിന് വൈദികപട്ടം നൽകി.

**2013 ജനുവരി**

1 – നവീകരിക്കപ്പെട്ട പാലക്കയം സെന്റ് മേരീസ് ദൈവാലയം വെഞ്ചരിച്ചു.

2 – ഒലവക്കോട് സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിൽ ഡീക്കൻ റാഫേൽ പൊറത്തൂരിന് വൈദികപട്ടം നൽകി.

3 – പുതുതായി നിർമ്മിച്ച കല്ലടിക്കോട് മേരിമാതാ ദൈവാലയം കൂദാശചെയ്തു.

4 – കേന്ദ്ര ഭക്ഷ്യവിതരണ മന്ത്രി ശ്രീ. കെ.വി. തോമസ് അരമന സന്ദർശിച്ചു.

– പാലക്കാട് മുനിസിപ്പൽ ടൗൺ ഹാളിൽ പൊലിമ കാർഷികോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

5 – പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

6 – കോട്ടപ്പുറം സെന്റ് ജോൺ ദ ബാപിസ്റ്റ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിക്കുന്ന പള്ളിയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

– പൂഞ്ചോല ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ബഹു. ജോൺ മൈലംവേലിയച്ചന്റെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

– ആർച്ചുബിഷപ്പ് മാർ കുര്യാക്കോസ് ഭരണികുളങ്ങര അരമന സന്ദർശിച്ചു.

7-11- കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർ സിനഡിൽ സംബന്ധിച്ചു.

12 - ഭാരത മാതാ ആശ്രമത്തിൽ ബഹു. ഫാ. എജുഡിയൂസ് സി.എം.ഐ.യുടെ തിരുപ്പട്ട സ്വീകരണത്തിന്റെ സുവർണ്ണജൂബിലിയും ബഹു. ഫാ. റാഫേൽ പുല്ലോക്കാരൻ സി.എം.ഐ., ബഹു. ഫാ. ജോസ് മാപ്രാണി സി.എം.ഐ., ബഹു. ഫാ. സെബാസ്റ്റ്യൻ പാറയിൽ സി.എം.ഐ. എന്നിവരുടെ വ്യതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തോടുമനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

14 - മുണ്ടൂർ വിമൽ റാണി പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. സി. ജോബ്, ബഹു. സി. അക്വീന, ബഹു. സി. പാദുവ, ബഹു. സി. ഗെയിൽസ് എന്നിവരുടെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

15 - അരമനയിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

16 - ചന്ദ്രനഗർ ഡിവൈൻ പ്രൊവിഡൻസ് നോവിഷ്യേറ്റ് ഹൗസിൽ നോവിസ്സസ്സിന് ക്ലാസ്സെടുത്തു.

17 - ഒലവക്കോട് ഹോളിഫാമിലി കോൺവെന്റിൽ സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂളിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് കൃതജ്ഞതാബലിയർപ്പിച്ചു.

18 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

19 - ഷൊർണ്ണൂർ സെന്റ് ആഗ്നസ് ദൈവാലയത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

20 - കല്ലേപ്പുള്ളി മൈനർ സെമിനാരി വൈദിക വിദ്യാർത്ഥികളെ ഇന്റർവ്യൂ ചെയ്തു.

21 - ചിറ്റൂർ ഹോളിഫാമിലി ദൈവാലയത്തിൽ രണ്ട് കുട്ടികൾക്ക് ജ്ഞാനസ്നാനം നൽകി.

- പൊൽപ്പുള്ളി സെന്റ് ഫ്രാൻസിസ് നോവിഷ്യേറ്റ് ഹൗസിൽ നോവിസ്സസിന് ക്ലാസ്സെടുത്തു.





22 - അരമനയിൽ വെച്ച് നടത്തപ്പെട്ട വള്ളിയോട് പോളിടെക്നിക്ക് കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിംങ്ങിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- എറണാകുളം ലിസി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന ബഹു. ജോൺ അറയ്ക്കലച്ചനെ സന്ദർശിച്ചു.

23 - പന്തലാംപാടം എം.എസ്.എഫ്.എസ്. ആശ്രമത്തിൽ സെന്റ് ഫ്രാൻസിസ് സാലസിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

24 - പാലക്കയം സെന്റ് മേരീസ് ദൈവാലയത്തിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

25 - പാലക്കാട് ജയമാതാ കോളേജിന്റെ വാർഷികാഘോഷത്തോടനുബന്ധിച്ച പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

26 - പാസ്റ്ററൽ സെന്ററിൽ ലോഗോസ് ക്വിസിലും മറ്റു മത്സരങ്ങളിലും സമ്മാനർഹരായവർക്ക് അവാർഡുകൾ വിതരണം ചെയ്തു.

- പാസ്റ്ററൽ സെന്ററിൽ കെ.സി.വൈ.എം. നടത്തിയ YEAST പരിശീലനപരിപാടിയിൽ സംബന്ധിച്ചവർക്ക് ക്ലാസ്സെടുത്തു.

- കരിമ്പ സെന്റ് മേരീസ് നോവിഷ്യേറ്റ് ഹൗസിൽ നോവിസ്സസിന് ക്ലാസ്സെടുത്തു.

- മൈലംപ്പുള്ളി മറിയം ത്രേസ്യാ നോവിഷ്യേറ്റ് ഹൗസിൽ നോവിസ്സസിന് ക്ലാസ്സെടുത്തു.

27 - പനംക്കുറ്റി ക്രൈസ്റ്റ് ദ കിംഗ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

- വാൽക്കുളമ്പ് സെന്റ് ആന്റണീസ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വി. കുർബാനയർപ്പിച്ചു.

28 - അരമനയിൽ, ജിം ഓഫ്സെറ്റ് പ്രസ്സിന്റെ ഗവേണിംഗ് ബോഡിമീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

29 - മംഗലംഡാം ലൂർദ്ദ് മാതാ സ്കൂളിന്റെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.